KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 31 / Issue: 10 October 2020 ₹ :15/-



# ദൈവസന്നിധിയിലേയ്ക്ക് ചേർക്കപ്പെട്ടതിന്റെ 2 –ാം വർഷം

19 – 10 – 2020



**എൽദോ ഏബ്രഹാം**

ജനനം:16 – 03 – 1990

മരണം:19 – 10 – 2018

**എൽജോ ഏബ്രഹാം**

ജനനം:15 – 09 – 1993

മരണം:19 – 10 – 2018

## വട്ടത്തകിടിയിൽ, ചിങ്ങവനം

കണ്ടു കൊതിതീരും മുമ്പേ... സ്നേഹിച്ച് മതി വരും മുമ്പേ... ഞങ്ങളിൽ നിന്നും വേർപെട്ട് പോയ ഞങ്ങളുടെ പൊന്നുമക്കളെ... നിത്യതയുടെ തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

അച്ചാച്ചനും അമ്മയും

സാബു – സൂസൻ

Advt -G

# ക്നാനായ ദീപം

SINCE 1989

2020 ഒക്ടോബർ പുസ്തകം 31 ലക്കം 10

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

സ്ഥായിയായ സന്തോഷത്തിലേക്കു കുഞ്ഞുങ്ങൾ വളർന്നുവരട്ടെ 08
സുനിൽ ഡി. കുരുവിള

പരി. ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത - പരുമല തിരുമേനി 10
ഫാ. ലിജോ ജോസഫ് പട്ടുകാലായിൽ

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജെയിംസ് തോടത്തിൽ

സമാധി 18
ഡോ. ഐബി ജോസ്, കിഴക്കേടത്ത്

വായിച്ചു വളരുക 20
ഏബ്രഹാം കല്ലിശ്ശേരി

രണഭൂമി 21
ബിജു ഇ. പി. ഇളമ്പള്ളിൽ

പ്രസംഗദീപം 22
ഫാ. റോയി മാത്യുസ് കോർ–എപ്പിസ്ക്കോപ്പാ

23 'താണ നിലത്തെ നീരോടൂ; അവിടെ ദൈവം തുണ ചെയ്യൂ
സിജോ ജോസ് വിലങ്ങൻപാറ

24 ചില സാമാന്യ മര്യാദകൾ
റ്റി.സി. തോമസ് തോപ്പിൽ

25 വാൻഗോഗ്
എബി

26 മലർവാടിക്കൂട്ടം

26 ബാലദീപം ക്വിസ്

35 കൂദോശ് ഈത്തോയുടെ പ്രസക്തി
ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകം പള്ളിൽ

36 നിർഭയരായി ഇവിടെ ആര്
റ്റി. കെ. തോമസ് തൈക്കുറിഞ്ഞിയിൽ

37 സുറിയാനി സഭയിലെ ആരാധനയുടെ പ്രത്യേകതയെന്ത്?
മല്പോനാട് ചോദിക്കാം

38 കൃതജ്ഞത
അഞ്ചു ലിജോ ഇളവൻകുളം


ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)


**Visit www. knanayadeepam.com**


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 85475 84440
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial



## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

അന്ധകാരത്തിലും നിരാശയിലും കഴിയുന്ന ലോകത്തിന് അത്ഭുത പ്രകാശമായി ഉദിച്ച നീതി സൂര്യനായ യേശു ക്രിസ്തുവിനെ ലോകത്തിനു കാണിച്ചുകൊടുക്കുക എന്ന താണല്ലോ നമ്മേ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം. ഞാൻ ലോക ത്തിന്റെ പ്രകാശമാകുന്നു എന്ന് ക്രിസ്തുനാഥൻ അരുളി ചെയ്തു. നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന് നമ്മോടു താൻ അരുളിച്ചെയ്തു. ആ വാക്കുകളെ വിശ്വസി ച്ചുകൊണ്ട് യേശുവാകുന്ന പ്രകാശം ഉൾക്കൊണ്ടുകൊണ്ട് ലോകത്തിന് പ്രകാശം പകർന്നു കൊടുക്കുവാൻ നമുക്ക് സാധിക്കുന്നു എങ്കിൽ മാത്രമേ ആ ദൗത്യം വിജയിക്കുക യുള്ളു. ഇന്ന് ക്രിസ്തീയ സഭയിൽ ഈ വെളിച്ചം ഉൾക്കൊ ള്ളുവാൻ ആളുകൾ ഇല്ലാത്തതല്ലേ നാം അധ:പതിക്കുന്ന തിനു മുഖ്യകാരണം. മാലാഖി. 4–ൽ, യഹോവയെ ഭയപ്പെ ടണം അങ്ങനെ ഉള്ളവർക്ക് താൻ രോഗോപശാന്തിയോടു കൂടി ഉദിക്കും. അതിനു നമ്മേ തന്നെ സമർപ്പിക്കാം. ഭാഷ കലങ്ങി വിവിധ ഭാഷകളിൽ സംസാരിച്ചു സ്വയം നശിപ്പിച്ചി രുന്ന മനുഷ്യർ യേശുക്രിസ്തുവിനെ വിശ്വസിച്ച് പരിശുദ്ധാ ത്മാവിനെ പ്രാപിച്ചപ്പോൾ ഭാഷയുടെ കലക്കം അവസാനി ച്ചു. അവർക്ക് പരസ്പരം മനസ്സിലായി. 3000–5000 ങ്ങൾ ഏക ഹൃദയമുള്ളവരായി ഹൃദയ പരമാർത്ഥതയോടെ ഉല്ലാസം പൂണ്ട് ജീവിച്ചു. അപ്പോ. 2–ൽ നാം വായിക്കുന്നു. ഭിന്നത കളും കലക്കങ്ങളും അവസാനിച്ചു സ്വർഗ്ഗരാജ്യം ഭൂമിയിൽ സ്ഥാപിതമായ അനുഭവമാണ് ആദിമ സഭയിൽ ഉണ്ടായിരു ന്നത്. സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും എന്നതായിരുന്നു അവരുടെ പ്രമാണവും ജീവിതവും. ആദിമ സഭ എവിടെ – ഇന്നത്തെ സഭ എവിടെ? ഇന്ന് നാം യോജിക്കുന്നില്ല എങ്കിൽ നാളെ നിലനിൽപിനുവേണ്ടി യോജിക്കേണ്ട ഗതികേടുണ്ടാ കും. ആയതിനാൽ സ്വാർത്ഥതയും കക്ഷി വഴക്കുകളും വിട്ട് യോജിച്ച് ഒന്നായി പ്രവർത്തിക്കുവാൻ യുവജനങ്ങൾ മുമ്പോട്ടുവന്നേ മതിയാകു എന്ന ബോധത്തോടെ നമുക്ക് നീങ്ങാം. ദൈവത്തിന്റെ വേല ചെയ്യുവാൻ പരിശുദ്ധാത്മ നിറവും ശക്തിയുമാണ് ആവശ്യമായിരിക്കുന്നത്. (അപ്പോ. 1–8). പരിശുദ്ധാത്മാവിന്റ സമ്പൂർണ്ണ നിയന്ത്രണത്തിൽ ഓരോ വിശ്വാസിയും ആയിരിക്കണം. എല്ലാറ്റിലും എല്ലാം നിറെക്കുന്നവനാണ് തലയായ ക്രിസ്തു. (എഫേ.1:22). അവന്റെ നിറവിൽനിന്നു നമുക്കു എല്ലാവർക്കും കൃപയാൽ കൃപ ലഭിച്ചിരിക്കുന്നു. യോഹ. 1:16. തലയെ മുറുകെ പിടി ക്കണം തലയായവനിൽ നിന്നല്ലോ ശരീരം (സഭ) മുഴുവൻ സന്ധികളാലും ഞരമ്പുകളാലും ചൈതന്യം ലഭിച്ചും ഏകീ ഭവിച്ചും ദൈവീക വളർച്ച പ്രാപിക്കുന്നു. (കൊലോ. 2:18 –19) ഈ പരിശുദ്ധാത്മാവിന്റെ നിറവാണ് നമുക്ക് ഇന്ന് ആവ ശ്യം.

ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി, ബലഹീനതയോടും ഭയ ത്തോടും കൂടെ (1.കോരി. 2:2) സുവിശേഷം പ്രസംഗിച്ച പൗലോസ് പറയുന്നത്. സഹോദരന്മാരെ ഞാൻ അറിയിച്ച സുവിശേഷം മാനുഷമല്ല എന്നു നിങ്ങളെ ഓർപ്പിക്കുന്നു. അതു ഞാൻ മനുഷ്യരോടു പ്രാപിച്ചിട്ടില്ല. പഠിച്ചിട്ടുമില്ല. യേശു ക്രിസ്തുവിന്റെ വെളിപ്പാടിനാലത്രേ പ്രാപിച്ചത് (ഗലാ.1:11). കർത്താവിങ്കൽനിന്നും പ്രാപിച്ച നിർമ്മല സുവിശേഷം പ്രസം ഗിക്കേണ്ട പ്രസംഗവേദികൾ ഇന്ന് കഥാപ്രസംഗങ്ങൾക്കും ഗാനമേളകൾക്കും വഴി മാറിയിരിക്കുന്നതു കണ്ട ദൈവജനം കരയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വചനം പ്രസംഗി ക്ക (2.തിമോ.4:1–2) എന്ന കല്പന ലംഘിക്കുന്ന – കർണ്ണര സമാക്കുമാറു കെട്ടുകഥകളും കിഴവിക്കഥകളും തട്ടിവിടുന്ന ആകാത്ത വേലക്കാരേ (ഫിലി. 3:2) സ്വീകരിക്കാതിരിക്കണം. മനുഷ്യജ്ഞാനം, ലോകത്തിന്റെ ജ്ഞാനം, ലോകത്തിന്റെ പ്രഭുക്കന്മാരുടെ ജ്ഞാനം, ഇവ സെമിനാരികളിൽനിന്നു പഠിച്ചും മനുഷ്യരോടു പ്രാപിച്ചും വശീകരണ വാക്കുകൾ, കെട്ടുകഥകൾ, കിഴവിക്കഥകൾ, നിർമ്മിത കഥകൾ മുതലാ യവ കർണ്ണരസ്സമാകുമാറു മനുഷ്യരെ പ്രസാദിപ്പിച്ചും ചിരി പ്പിച്ചും പ്രതിഫലം ആശിച്ചുകൊണ്ട് മുഖസ്തുതി പ്രയോ ഗിച്ചും വചനം പ്രസംഗിക്കാതെ വചനത്തിൽ കൂട്ടു ചേർത്തും, മായം ചേർത്തും, ഉപായം പ്രയോഗിച്ചും പ്രസംഗതൊഴിലാ ളികളിലായി ആദായ സൂത്രം ലക്ഷ്യം ആക്കി ഭക്തിയുടെ വേഷം ധരിച്ചു നടക്കുന്നവർ. അവരാണ് ആകാത്ത വേല ക്കാർ.

സ്ഥാനമാനങ്ങൾക്കു വേണ്ടിയുള്ള തന്ത്രങ്ങളും ഉപായ ങ്ങളും ദ്രവ്യാഗ്രഹത്തിന്റെ കൗശല വാക്കുകളും ആയി നട ക്കുകയും ആവശ്യം വരുമ്പോൾ പോലീസ് സ്റ്റേഷനും, കോടതികളും കയറി ഇറങ്ങുകയും ചെയ്യുന്ന സഭകൾ ആണ് ദൈവീക നിയമനമെന്ന് സഭാ മക്കൾ തെറ്റിദ്ധരിച്ചിരിക്കുന്നു. ഉപവസിച്ചും പ്രാർത്ഥിച്ചും കൊണ്ടിരുന്നപ്പോൾ ബർണബാ സിനെയും ശൗലിനേയും തന്റെ വേലക്കുവേണ്ടി വേർതിരി ക്കുവാൻ പരിശുദ്ധാത്മാവ് പ്രവാചകന്മാരിൽകൂടി പറഞ്ഞ തനുസരിച്ച് അവർ പ്രാർത്ഥിച്ച് അവരുടെമേൽ കൈവച്ച് അവരെ പറഞ്ഞയച്ചു. (അപ്പേ.13:1–3) ഇതാണ് ദൈവീക നിയ മങ്ങളും ദൈവത്തിന്റെ ആലോചന വിലക്കുന്ന ബൈബിൾ കോളേജുകളേയും സഭാ നേതാക്കന്മാരേയും നിയന്ത്രിക്കു ന്നത് ലൂസിഫറിന്റെ ശക്തിയാണ്. ദൈവവചനം അതിന്റെ ശക്തിയോടെ ഘോഷിച്ചാൽ സഭാമക്കൾ ആത്മീക വർദ്ധ നവ് പ്രാപിക്കും. ഇലക്ഷനും, കമ്മിറ്റിയും അവരുടെ ഭരണവും ധനസമ്പാദത്തിനുവേണ്ടി മാത്രമുള്ള ധ്യാനമന്ദിരങ്ങളും എല്ലാം പൊളിഞ്ഞുപോകും. ദൈവജനമേ, ഉണരുവിൻ. ഇന്നത്തെ പൈശാചിക ശക്തികളോടെതിർപ്പിൻ. നമ്മുടെ യജമാനൻ വരാറായി നാം ഇനിയും മനുഷ്യന്റെ ചതിയാലും ഉപായത്താലും കുടുങ്ങിപ്പോകാതെ ദൈവവചന സത്യം സ്തുതിച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം വളരുവാൻ ശ്രമിക്കുക. അതിനായി ദൈവം നമ്മേ ഒരുക്കട്ടെ.

എന്ന്

നിങ്ങളുടെ റോയി അച്ചൻ

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



വിശുദ്ധ ഗ്രന്ഥം നമുക്കു വെളിപ്പെടുത്തുന്ന ഒരു സത്യം നാം നിങ്ങളുമായി പങ്കുവയ്ക്കട്ടെ. ദൈവമക്കളെന്നു സ്വയം അവകാശപ്പെടുന്ന പലരും അവകാശികളോ വാഗ്ദത്തമക്കളോ അല്ല.

പരിശുദ്ധനായ പൗലോസ് അപ്പസ്തോലൻ പറയുന്നു; അബ്രഹാമിനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. ഒരുവൻ അബ്രഹാമിന്റെ ദാസിയായ ഹാഗാറിൽ ജനിച്ച യിസ്മായേൽ. മറ്റേത് അബ്രഹാമിന്റെ പട്ടമഹിഷിയായ സാറായിൽ ജനിച്ച യിസ്സഹാക്ക്. അപ്പസ്തോലൻ തുടരുന്നു; ഈ സ്ത്രീകൾ രണ്ടു നിയമങ്ങളാണ്. ഹാഗാർ സീനായിമലയിൽ നിന്നുണ്ടായി അടിമകളെ പ്രസവിക്കുന്നു. അവൾ അറബിദേശത്തെ സീനായി മലയെ കുറിക്കുന്നു. അതു ഭൂമിയിലെ യറുശലേമിനോടു സമമാണ്. അതു തന്റെ മകളോടുകൂടെ അടിമത്വത്തിൽ ഇരിക്കുന്നു.

വാഗ്ദത്ത പുത്രനായ യിസഹാക്കിനെ പ്രസവിച്ചവൾ സാറായാണ്. അവൾ സ്വർഗ്ഗീയ യറുശലേമിനു സമമാണ് (ഗലാ.4:21–26). പുതിയ യറുശലേം എന്ന വിശുദ്ധനഗരം, ഭർത്താവിന്നായി അലങ്കരിക്കപ്പെട്ട മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്ന് ദൈവസന്നിധിയിൽ നിന്നു ഇറങ്ങുന്നത് പരിശുദ്ധനായ യോഹന്നാൻ ശ്ലീഹാ ദർശിക്കുന്നു (വെളി.21:2).

ഈ വേദഭാഗങ്ങളിൽ നിന്നു പലകാര്യങ്ങളും നമുക്കു ഗ്രഹിക്കാം. അബ്രഹാമിന് ഇവിടെ പ്രസ്താവിക്കപ്പെട്ട രണ്ടു മക്കൾ ഉണ്ടെങ്കിലും സാറായിൽ നിന്നു ജനിച്ച യിസഹാക്ക് മാത്രമാണ് അവകാശി. സാറായുടെ മകനാണ് വാഗ്ദത്തപുത്രൻ. സാറായാണ് ഭർത്താവിനായി ഒരുക്കപ്പെട്ട മണവാട്ടിയെപ്പോലെ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വരുന്നത്. ആകയാൽ നാം അബ്രഹാമിന്റെ മകൻ എന്നതുപോലെ സഭയാകുന്ന സാറായുടെ മകനുമാണെന്നുറപ്പു വരുത്തണം.

മറ്റൊരു ദൃഷ്ടാന്തം കൂടി പറയാം. അബ്രഹാം കെതൂറാ എന്ന ഭാര്യയെ പരിഗ്രഹിച്ചു. അവൾ അബ്രഹാമിനു ആറു പുത്രന്മാരെ പ്രസവിച്ചു. ഈ മക്കളിൽ നിന്നു 11 കൊച്ചുമക്കൾ ജനിച്ചു. (ഉല്പ.25:1–4) വിശുദ്ധഗ്രന്ഥം പറയുന്നു, ഈ മക്കളും കൊച്ചുമക്കളുമെല്ലാം കെതൂറായുടെ മക്കളാണ്. അബ്രഹാമിന്റെ മക്കളോ അവകാശികളോ അല്ല. അബ്രഹാം തനിക്കുള്ളതെല്ലാം യിസ്സഹാക്കിനു കൊടുത്തു. താൻ ജീവനോടിരിക്കുമ്പോൾ തന്നെ ദാസിമാരുടെ മക്കളെ തന്റെ മകനായ യിസ്സഹാക്കിന്റെ അടുക്കൽനിന്നു കിഴക്കുദേശത്തേക്കയച്ചു. (ഉല്പ. 25:5–7) ദാസിമാരുടെ മക്കൾക്കോ അബ്രഹാം ദാനങ്ങൾ കൊടുത്തു. അബ്രഹാമിന്റെ മനോഭാവം ഇതാണ്. തനിക്കുള്ളതെല്ലാം സാറാ (സഭ)യുടെ മകനായ യിസ്സഹാക്കിനുള്ളതാണ്.

പരി.സഭ കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമാണ്. സഭ ദൃശ്യസഭയാണ്. പെന്തിക്കോസ്തിയുടെ ദിവസം പരിശുദ്ധറൂഹായാൽ രൂപീകൃതമായ സഭയുടെ സന്താനങ്ങളാണ് നാം എന്നുറപ്പു വരുത്തണം. കാരണം അവരാണ് വാഗ്ദത്ത സന്തതികൾ. വാഗ്ദത്തവും അവകാശവും നമുക്കുള്ളതു തന്നെ.

കർത്തൃശുശ്രൂഷയിൽ

**സേവേറിയോസ് കുറിയാക്കോസ്**
**സമുദായ മെത്രാപ്പോലീത്താ**

**പരി.സഭ കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമാണ്. സഭ ദൃശ്യസഭയാണ്. പെന്തിക്കോസ്തിയുടെ ദിവസം പരിശുദ്ധറൂഹായാൽ രൂപീകൃതമായ സഭയുടെ സന്താനങ്ങളാണ് നാം എന്നുറപ്പു വരുത്തണം. കാരണം അവരാണ് വാഗ്ദത്ത സന്തതികൾ. വാഗ്ദത്തവും അവകാശവും നമുക്കുള്ളതു തന്നെ.**



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട ക്നാനായ സമുദായ അംഗങ്ങളെ,

കാലം ചെയ്ത പുണ്യശ്ലോകനായ അഭി. ക്ലീമ്മീസ് തിരുമേനിയുടെ 18-ാം ഓർമ്മപ്പെരുന്നാൾ, ആ പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന ചിങ്ങവനം ദയറാപ്പള്ളിയിൽ കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് കഴിഞ്ഞമാസം (സെപ്തംബർ 30) ന് സമുദായം കൊണ്ടാടുകയുണ്ടായി. സമുദായ മെത്രാപ്പോലീത്താ അഭി. സേവേറിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ എല്ലാ ശുശ്രൂഷകളും നടത്തി അനുഗ്രഹം പ്രാപിച്ചു. വി. കുർബ്ബാനാനന്തരം നടന്ന പ്രസംഗത്തിൽ അഭി.സമുദായ മെത്രാപ്പോലീത്താ പറഞ്ഞ കാര്യങ്ങൾ വളരെ ശ്രദ്ധേയവും പ്രസക്തി ഉള്ളതും ആണ്. ക്നാനായ സമുദായത്തിന് പരി. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള സ്നേഹ ആദരവുകൾ അഭി. തിരുമേനി നിർലോഭം പ്രകടിപ്പിക്കുകയുണ്ടായി. നമ്മൾ ക്നാനായക്കാർ ഒരു വംശമാണെന്നും, ദൈവജനമാണെന്നും, നമ്മൾ യഹൂദ ക്രിസ്താനികളാണെന്നും, നാലു മെത്രാൻമാരും ഒരുമിച്ച് പ്രവർത്തിച്ചു പരി. അന്ത്യോഖ്യാസിംഹാസനത്തോടെ വിധേയപ്പെട്ട് പോകുവാൻ തക്കവണ്ണം ദൈവജനം പ്രാർത്ഥിക്കണം എന്നും, ധാരണപിശകുകൾ വരാം, എന്നാൽ അതിൽ നിന്ന് എല്ലാം മാറി ഒരുമിച്ചുപോകണം എന്നും ആഹ്വാനം ചെയ്തു.

അഭി.സേവേറിയോസ് തിരുമേനി പരി. അന്ത്യോഖ്യാസിംഹാസനത്തെ ഉപേക്ഷിച്ചു ഒരു സ്വതന്ത്രസഭയുണ്ടാക്കിയിട്ട് ഇവിടെയുള്ള ചില സ്വതന്ത്ര സഭയുമായി ചേർന്നു പ്രവർത്തിക്കുവാൻ സാധ്യതയുണ്ട് എന്നു പറയുന്ന ഉത്തരം അർഹിക്കാത്ത ആരോഹണങ്ങൾക്ക് ഉത്തരം അർഹിക്കുന്നില്ല എന്നും പ്രസംഗിക്കുകയുണ്ടായി. ഞങ്ങൾ മെത്രാച്ചൻമാർ തമ്മിൽ മാനസികമായി ചില പ്രയാസങ്ങൾ വന്നിട്ടുണ്ട് എന്നു പറയുന്നത് സത്യമാണ്. അതിനു തുടർച്ചയായി എന്തെങ്കിലും തെറ്റിദ്ധാരണ വന്നെങ്കിലേ ഉള്ളൂ എന്നും, എല്ലാവരും ഒരുമിച്ച് മുന്നോട്ടുപോകണമെന്ന് അഭി. തിരുമേനി പ്രസ്താവിക്കുക ഉണ്ടായി.

നമുക്ക് ഭരണഘടനയുണ്ട്, അസ്സോസിയേഷൻ ഉണ്ട്, കമ്മിറ്റി ഉണ്ട്, വൈദിക കൗൺസിൽ ഉണ്ട്. ഇതെല്ലാം തമ്മിൽ കയ്യോടുകൈചേർന്ന് കൊണ്ടുപോകുവാൻ ദൈവം സഹായിക്കട്ടെ എന്നും അഭി. തിരുമേനി പറയുകയുണ്ടായി.

ക്നാനായ കമ്മറ്റിയുടെയും അഭിപ്രായം ഇതുതന്നെയാണ് എന്ന് സമുദായ അംഗങ്ങളെ അറിയിക്കുവാൻ ഞങ്ങൾ താല്പര്യപ്പെടുന്നു.

ക്നാനായ സമുദായത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ നമ്മുടെ കുട്ടികളെ സമുദായം ഔദ്യോഗികമായി അവർക്ക് സർട്ടിഫിക്കറ്റും മെമന്റോയും കൊടുത്തു വിശിഷ്ട അതിഥികളുടെ സാന്നിദ്ധ്യത്തിൽ ആദരിക്കുന്ന ചടങ്ങാണ് 'ക്നാനായ മെറിറ്റ് അവാർഡ്. എല്ലാ വർഷവും സമുദായത്തിന്റെ ആഭിമുഖ്യത്തിൽ തുടർച്ചയായി നടത്തുന്ന ക്നാനായ മെരിറ്റ് അവാർഡ് ഈ വർഷം ഇതുവരെ നടത്തിയിട്ടില്ല. ഈ വർഷവും ഈ പരിപാടി പൂർവ്വാധികം ഭംഗിയായി നടത്തുന്നതിനുവേണ്ടി സമുദായ മെത്രാപ്പോലീത്താ കല്പനയിലൂടെ സമുദായത്തിലെ എല്ലാ ദൈവാലയങ്ങളിലും ഉന്നത വിജയം നേടിയ വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റ് വികാരിയുടെ സാക്ഷ്യപത്രത്തോടുകൂടി സമുദായ ഓഫീസിൽ ഒക്ടോബർ 20 ന് മുമ്പായി എത്തിക്കണം എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ക്നാനായ ദീപം മാസികയിൽ പരസ്യപ്പെടുത്തുകയും സമുദായവാർത്തയിൽ ക്നാനായ ദീപത്തിൽ സമുദായ സെക്രട്ടറി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മാർക്ക് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ക്നാനായ കമ്മിറ്റികൂടി ഈ വർഷത്തെ അവാർഡ് ദാനത്തിന്റെ ഡേറ്റ് ഫിക്സ് ചെയ്ത് വിശിഷ്ട അതിഥികളുടെ സാന്നിധ്യത്തിൽ അവാർഡ് വിതരണം നടത്തുന്നതാണ്. ഇതിന്റെ നടത്തിപ്പിനുവേണ്ടി ഈ വർഷവും കോർ കമ്മിറ്റിക്കാരായി തോമസ്കുട്ടി മറ്റയ്ക്കാട്ട്, റ്റി.സി.തോമസ് തോപ്പിൽ, വില്ലി വടാമറ്റം എന്നിവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വികാരി സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റ് കോർ കമ്മറ്റിക്കാരെയോ ക്നാനായ കമ്മറ്റിക്കാരെയോ, അപ്രേം സെമിനാരിയിലോ, സമുദായ ഓഫീസിലോ ഏല്പ്പിക്കണമെന്ന് അറിയിക്കുന്നു.

സമുദായത്തിലെ ശാശ്വത സമാധാനത്തിനുവേണ്ടി ക്നാനായ കമ്മിറ്റിയും വൈദിക കൗൺസിലും സംയുക്തമായി കൂടി ഞങ്ങളാൽ ആവുന്നത് ശ്രമിച്ചു എന്നു സമുദായ ജനത്തിന് അറിയാം. വൈദിക ട്രാൻസ്ഫർ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ചചെയ്ത് ശാശ്വത സമാധാനം സമുദായത്തിൽ ഉണ്ടാക്കുന്നതിനുവേണ്ടി സഹായമെത്രാൻമാരെ ഞങ്ങൾ ക്ഷണിച്ചു. ഒരു പ്രാവശ്യം മെത്രാൻമാർ എല്ലാവരും വന്നു എങ്കിലും ചർച്ചചെയ്യാതെ പിരിയുകയാണ് ഉണ്ടായത്. വീണ്ടും കമ്മിറ്റി കൂടി സമുദായ മെത്രാപ്പോലീത്തായോട് ചർച്ചയ്ക്കുവേണ്ടി മെത്രാൻമാരെ ക്ഷണിക്കുന്നതിന് അഭ്യർത്ഥിക്കുന്നു. എങ്കിലും സമുദായചട്ടക്കൂടിനുള്ളിലെ ആ സമാധാന ശ്രമത്തെയും മെത്രാൻമാർ അവഗണിക്കുക ആണ് ചെയ്തത്. ഇപ്പോൾ സമാധാന ചർച്ച കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത അഭി. തീമോത്തിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ നടക്കുന്നു എന്ന് അറിയുവാൻ കഴിഞ്ഞു.

നമ്മുടെ സമുദായത്തിലെ പ്രശ്നങ്ങൾ ഇവിടെ ഉൾഭരണ ചട്ടക്കൂടിലൂടെ തെരഞ്ഞെടുക്കപ്പെട്ട സമിതികൾ ഉള്ളപ്പോൾ ഇവിടെ തന്നെ ചർച്ചചെയ്ത് പരിഹാരം ഉണ്ടാക്കണം എന്നാണ് ക്നാനായ കമ്മിറ്റിയുടെയും വൈദിക കൗൺസിലിന്റെയും ക്നാനായ അസ്സോസിയേഷന്റെയും ആഗ്രഹം.

അങ്ങനെ ചെയ്താൽ പരസ്പര വിട്ടുവീഴ്ചയോടു കൂടി സമുദായത്തിൽ ശാശ്വത സമാധാനം ഉണ്ടാകും എന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. നമ്മുടെ ഉൾഭരണ ചട്ടക്കൂട്ടിൽ നിന്ന് ചർച്ചകൾ നടത്തി സമുദായത്തിൽ ഒരു ശാശ്വത സമാധാനം ഉണ്ടാക്കുവാനായി വാതിലുകൾ തുറന്ന് ഇട്ട് ഇപ്പോഴും അതിനുവേണ്ടി കമ്മിറ്റി തയ്യാറായിത്തന്നെ നിൽക്കുന്നു എന്ന് സമുദായ ജനത്തെ അറിയിക്കുന്നു.

പരി. അന്ത്യോഖ്യാ സിംഹാസനത്തോടും പരിശുദ്ധ പാത്രിയർക്കീസ് ബാവായോടും ക്നാനായ സമുദായത്തിന് എന്നും ഭയഭക്തിയും ആദരവും ഉണ്ട്. അത് നിലനിർത്തുവാൻ നമ്മൾ ബാധ്യസ്ഥരാണ്. സമുദായം അതിന് എതിരായി പ്രവർത്തിക്കുന്നു എന്ന വ്യജ വാർത്തകൾ വാസ്തവ വിരുദ്ധമാണ്. യാക്കോബായ സഭയ്ക്ക് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന അവസ്ഥ നമ്മുടെ കൊച്ചു സമുദായത്തിനും ഉണ്ടാകാതെ ഇരിക്കുന്നതിനുവേണ്ടി സുപ്രീംകോടതി അനുവദിച്ചുതന്ന ക്നാനായ ഭരണഘടന നിലനിർത്തണമെന്നു മാത്രമാണ് അസ്സോസിയേഷന്റെയും ക്നാനായ കമ്മിറ്റിയുടെയും നിലപാട്. അതിനെ വ്യാഖ്യാനിച്ച് അന്ത്യോഖ്യാ വിരുദ്ധർ ആണെന്ന് ചില കുബുദ്ധികളായ തൽപരകക്ഷികൾ സാധാരണ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിക്കുന്നതിൽ പതിനൊന്ന് കമ്മിറ്റി അംഗങ്ങൾ പ്രസ്ഥാവന ഇറക്കി ഖേദം രേഖപ്പെടുത്തി.

യാക്കോബായ സഭയുടെ അതിപുരാതനമായ മണർകാട് മർത്തമറിയം ദൈവാലയം 1934–ലെ ഭരണഘടനപ്രകാരം ഭരിക്കപ്പെടണം എന്നും, ഓർത്തഡോക്സ് സഭയ്ക്ക് പള്ളി കൈമാറണമെന്നും ഉള്ള വിധി വളരെ ദുഃഖത്തോടെയാണ് നമ്മൾ ശ്രവിച്ചത്. ക്നാനായ സമുദായ അംഗങ്ങളെ സംബന്ധിച്ചിടത്തോളം മണർകാട് ദൈവാലയുമായി നമുക്ക് അവിഭാജ്യബന്ധമാണ് ഉള്ളത്. നമ്മുടെ മേൽപട്ടക്കാരും വൈദികരും ജനങ്ങളും എല്ലാം മണർകാട് ദൈവാലയത്തിൽ സ്ഥിരമായി പോകുകയും പ്രത്യേകിച്ച് എട്ടുനോമ്പ് കാലയളവിൽ പരി. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നവരുമാണ്. അപ്പീൽ കോടതിയിൽ അനുകൂലവിധി ലഭിക്കുന്നതിന് നമുക്ക് മുട്ടിപ്പായി പ്രാർത്ഥിക്കാം. ക്നാനായ സമുദായത്തിന്റെ മുഴുവൻ പിന്തുണയും യാക്കോബായ സഭയെ അറിയിക്കുന്നു. ഈ പ്രതിസന്ധിയിൽ നിന്ന് കരകയറുന്നതിന് വി. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയും, ദൈവത്തിന്റെ അദൃശ്യകരങ്ങളും മണർകാട് പള്ളിയുടെമേൽ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

നസ്രാണി സിംഹം ഇ.എം. ഫിലിപ്പിനോട് ചേർന്ന് നമ്മുടെ പൂർവ്വ പിതാക്കന്മാർ 1882 മകരമാസം എട്ടാം തീയതി വെളിയനാട് മോർ സ്തേഫാനോസ് പള്ളിയിൽവച്ചുകൂടിയ ക്നാനായ കമ്മിറ്റിയിൽ നമ്മുടെ ഭരണഘടനയ്ക്ക് അടിത്തറയിട്ടു. ആ അടിത്തറ പുണ്യശ്ലോകനായ മോർ ക്ലീമ്മീസ് തിരുമേനി സുപ്രീംകോടതി വിധിയിലൂടെ നിലനിർത്തി തലമുറകൾക്ക് കൈമാറി നമ്മുടെ കൈകളിലെത്തി ചേർന്നിരിക്കുകയാണ്. ആ ഭരണഘടന ദുർബലപ്പെട്ടാൽ, പിറവവും, മുളംതുരുത്തിയും തുടങ്ങി ഇപ്പോൾ എത്തിനിൽക്കുന്ന മണർകാട്പള്ളിവരെ ഏതാണ്ട് അമ്പതിൽപരം ദൈവാലയങ്ങളും സ്ഥാപനങ്ങളും നഷ്ടപ്പെടും. യാക്കോബായ സഭയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന വലിയ പ്രതിസന്ധി നമുക്കും ഉണ്ടാകുമെന്ന് ആരും ഈ അവസരത്തിൽ വിസ്മരിക്കരുത്. ക്നാനായ സമുദായത്തിന്റെ ഏതാണ്ട് എൺപതിൽപരം പള്ളികളുടെ ലിസ്റ്റ് സുപ്രീംകോടതിയിൽ ഓർത്തഡോക്സ് സഭ കൊടുത്തിരുന്നു എന്ന് നാം ഓർക്കണം. അവിടെനിന്നുമാണ് നാം രക്ഷപ്പെട്ടത് എന്നു നാം മറക്കരുത്.

ഈ പ്രതിസന്ധികളിൽ നിന്നും നമ്മുടെ സമുദായത്തെ രക്ഷിച്ച പരമകാരുണ്യവാനായ ദൈവത്തെ സ്തുതിച്ചു കൊണ്ട് നമ്മുടെ പൂർവ്വപിതാക്കന്മേരെ നമുക്ക് സ്മരിക്കാം.

അവർ തലമുറകൾ കൈമാറി നമ്മെ ഏല്പിച്ചുതന്ന ഭരണഘടനയെ സംരക്ഷിക്കുവാൻ നാം ബാധ്യസ്ഥരാണ്. ഇവിടെ ഞാൻ പറഞ്ഞിരിക്കുന്നത് ഒരു യാഥാർത്ഥ്യം ആണ്. യാക്കോബായ സഭയുടെ അവസ്ഥ നമുക്ക് ഒരു പാഠം ആയിരിക്കട്ടെ. ഈ യാഥാർത്ഥ്യം എല്ലാവർക്കും ഉൾക്കൊള്ളുവാനുള്ള മനസ്സ് ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സമുദായം വക ഓതറ ഫാർമസി കോളജിൽ ഫാം ഡി കോഴ്സിന് ഏതാനും സീറ്റുകൾ കൂടി ഒഴിവുണ്ട് ചേരുവാൻ ആഗ്രഹിക്കുന്ന നമ്മുടെ കുട്ടികൾ കോളേജ് ഓഫീസുമായി ബന്ധപ്പെടണമെന്ന് അറിയിക്കുന്നു. നമ്മുടെ സമുദായത്തിൽ ശാന്തിയും ശാശ്വതസമാധാനവും ഉണ്ടാകുന്നതിനുവേണ്ടി സമുദായ അംഗങ്ങൾ എല്ലാവരും പ്രാർത്ഥിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

സമുദായ സെക്രട്ടറി
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**


**കോവിഡ് മഹാമാരിമൂലം യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടുള്ള ഈ പശ്ചാത്തലത്തിൽ ക്നാനായ ദീപത്തിലേക്കുള്ള പരസ്യങ്ങളും, മാറ്ററുകളും ഓൺലൈൻ ആയി അയയ്ക്കാവുന്നതാണ്.**

E-mail: kna.deepam@gmail.com,
Whats App No. 8547584440

**പരസ്യചാർജ്ജുകളും, വരിസംഖ്യയും ഓൺലൈനായി ബാങ്ക് അക്കൗണ്ടിൽ അയയ്ക്കാവുന്നതാണ്.**

**Bank Details**
A/c No: 57004254154
Chief Editor & Mg. Editor,
Knanaya Deepam
SBI, Chingavanam, IFSC
SBIN0070128
E-mail: kna.deepam@gmail.com,
Whats App No. 8547584440

Contact :
**ഫാ. ജേക്കബ് കല്ലുകുളം,**
**മാനേജിംഗ് എഡിറ്റർ**
**9447563240, 8547584440**



സുനിൽ ഡി. കുരുവിള

# സ്ഥായിയായ സന്തോഷത്തിലേക്കു കുഞ്ഞുങ്ങൾ വളർന്നുവരട്ടെ

കുട്ടികളെ ഹാപ്പി ആക്കാൻ എന്താ പ്രയാസം. ഐസ്ക്രീമോ ചോക്കലേറ്റോ വാങ്ങി കൊടുത്താൽ പോരെ? ഇതായിരിക്കും പല മാതാപിതാക്കളുടെയും മറുപടി. എന്നാൽ ഇവിടെ പ്രതിപാദിക്കുന്നത് Momentary happiness-നെ കുറിച്ചല്ല, മറിച്ചു നിലനിൽക്കുന്ന സന്തോഷഭാവത്തെക്കുറിച്ചാണ്. കുട്ടിക്കാലത്തെ സന്തോഷം കൗമാരത്തിലെയും യൗവ്വനത്തിലെയും മികവിനെ സ്വാധീനിക്കുന്നു എന്നും തിരിച്ചറിയാം. കൂടുതലും പഠനങ്ങൾ ഈ രംഗത്തു നടന്നിട്ടുള്ളത് നെഗറ്റീവ് സ്വഭാവങ്ങളുടെയും stress-ന്റെയും കാരണങ്ങൾ തേടിയാണ്. അല്ലാതെ സന്തോഷത്തിന്റെ ഘടകങ്ങളെ തേടി ആയിരുന്നില്ല. വലിയ ഒരു മാറ്റം വന്നത് പ്രൊഫ. മാർട്ടിൻ സെലിഗ്മന്റെ പോസിറ്റീവ് സൈക്കോളജിയുടെ വരവോടെയാണ്. ദാരിദ്ര്യം കുട്ടികൾക്ക് വലിയ സങ്കടം സൃഷ്ടിക്കും, ശരിയാണ്. എന്നാൽ പണം കൂടുതൽ ഉള്ളിടത്തു കുട്ടികൾക്ക് സന്തോഷം കൂടുതൽ ഉണ്ടാകണം എന്നില്ല.

സാമ്പത്തികമായ സാമൂഹിക വളർച്ച കുട്ടികളിലും യുവതയിലും കൂടുതലായി തൃപ്തിയും സന്തോഷവും വർദ്ധിപ്പിച്ചതായി കാണുന്നില്ല.

മികച്ച സാമ്പത്തികവും സൗകര്യങ്ങളും എന്തുകൊണ്ട് കൂടുതൽ സന്തോഷം തരുന്നില്ല? പ്രധാനമായി രണ്ടു കാരണങ്ങൾ ഉണ്ട്.

1. സാഹചര്യങ്ങൾ മെച്ചപ്പെടുമ്പോൾ പ്രതീക്ഷകളും കൂടും. പ്രതീക്ഷകൾ പലപ്പോഴും അമിതമാവുകയും ആർത്തിയാവുകയും ഒക്കെ ചെയ്തേക്കാം.

2. സൗകര്യങ്ങൾ വർദ്ധിക്കുമ്പോൾ താരതമ്യവും വർദ്ധിക്കും. "ഒരു വീട് കിട്ടിയപ്പോൾ വലിയ സന്തോഷമായിരുന്നു. അനിയൻ ഗൾഫിൽ നിന്ന് വന്ന് അടുത്ത പ്ലോട്ടിൽ ഒരു കൊട്ടാരം അങ്ങ് പണിതു. അതോടെ ഞങ്ങളുടെ വീട് ചെറിയ കുടിലായി. സന്തോഷവും പോയി".

പുതിയ കളിപ്പാട്ടം കിട്ടിയ കുട്ടിയുടെ സന്തോഷവും അധികനേരം നിൽക്കാത്തതിന്റെ കാരണവും ഈ കാരണങ്ങൾ ഒക്കെത്തന്നെയാണ്. നല്ല ഊഷ്മളമായ ബന്ധങ്ങളാണ് കുട്ടികളുടെ ജീവിതത്തെ കൂടുതൽ സന്തോഷമുള്ളതാക്കുന്നത്.

മാതാപിതാക്കൾ കുട്ടികൾക്ക് ആശ്രയിക്കാൻ കഴിയുന്ന വൈകാരിക കേന്ദ്രങ്ങളാവേണ്ടതുണ്ട്. അവർക്കു പരിപൂർണ്ണ സുരക്ഷിതത്വം ലഭിക്കേണ്ടതുണ്ട്. "Good relationship has enormous influence in shaping a child's self-esteem, her expectationts of other people and view of the world in general''. Prof. John Bowlby (A pioneer in the study of parent-child attachment)

കുട്ടികളിൽ രണ്ടുതരം ആവശ്യങ്ങൾ പൊതുവെ ഉണ്ട്.



ഒന്ന്, എല്ലാ കുഞ്ഞുങ്ങൾക്കും വേണ്ടതായ സ്നേഹം, കരുതൽ, അംഗീകാരം, പ്രോത്സാഹനം, സുരക്ഷിതത്വം എന്നിവയൊക്കെയാണ്. മറ്റൊന്ന് അവരുടെ വ്യത്യസ്തതകളും പ്രത്യേകതകളും തിരിച്ചറിഞ്ഞുള്ള പോസിറ്റീവ് ആയ ഇടപെടലുകൾ ആണ്.

''അവളുടെ ഏറ്റവും വലിയഗുണം സൗമ്യതയാണ്; അല്ലെങ്കിൽ അവൾ നന്നായി പടം വരയ്ക്കും''; ''അവൻ ഫുഡ്ബോൾ കളിയിൽ കേമനാണ്''; എന്നൊക്കെ കേൾക്കാൻ കുട്ടികൾക്ക് വലിയ സന്തോഷമാണ്. അത് അവരുടെ ആത്മവിശ്വാസവും അഭിമാനബോധവും വർദ്ധിപ്പിക്കും. ഒരു പോസിറ്റീവ് ഇമേജ് കുട്ടിയെക്കുറിച്ച് ചെറുപ്പത്തിൽ തന്നെ ഉണ്ടാക്കി എടുക്കാൻ കഴിഞ്ഞാൽ വലിയ വിജയമായിരിക്കും. പക്ഷെ, അതിന് അവരുടെ Uniqueness അറിയേണ്ടതുണ്ട്.....

വളർത്തിയെടുക്കേണ്ടതുണ്ട്.

മാതാപിതാക്കളുടെ സ്നേഹം ഉപാധികൾ ഇല്ലാത്തതായിരിക്കണം. കുട്ടികൾ എന്തെങ്കിലും നേട്ടങ്ങൾ കൊണ്ടുവരുമ്പോൾ മാത്രം കാണിക്കുന്ന 'Conditional' സ്നേഹം അപകടമാണ്.

സന്തോഷത്തെ ബാധിക്കുന്ന ജനിതക ഘടകങ്ങൾ ഉണ്ട്; എന്നിരുന്നാലും നല്ല പോസിറ്റീവായ കുടുംബ അന്തരീക്ഷം – പ്രോത്സാഹനപരമായ ഊഷ്മളമായ ബന്ധങ്ങൾ ഒക്കെ വലിയ ഗുണം നൽകും.

കുട്ടികളുടെ സ്കൂൾ അവർക്കു ചേരുന്നതും സന്തോഷം നൽകുന്നതുമാകണം. നമ്മുടെ 'പൊങ്ങച്ചം' കാണിക്കാൻ മാത്രം സ്കൂൾ തെരഞ്ഞെടുക്കരുത്! കുട്ടിക്കാലത്തു തന്നെ അവരെ 'കുത്തിനിറച്ചു' IAS ഒന്നും ആക്കാൻ ശ്രമിക്കാതിരിക്കാം. അവരുടെ ബാല്യം അതിന്റെ സന്തോഷം കവർന്നെടുക്കാതിരിക്കും.

കുട്ടികൾക്ക് നല്ല കഥകൾ പറഞ്ഞുകൊടുക്കാം. അവരുടെ കഥകൾ കേൾക്കാം. ഓരോ കഥാപാത്രങ്ങളും അവരെ പോസിറ്റീവ് ആയോ നെഗറ്റീവ് ആയോ ഒക്കെ സ്വാധീനിക്കാം. അവരോടൊപ്പം ചിലവഴിക്കുന്ന 'മേന്മയുള്ള' സമയം വളരെ ഗുണം ചെയ്യും. കളികൾ, അതും ഓടിച്ചാടിയുള്ള കളികൾ കുട്ടികളെ ആരോഗ്യമുള്ളവരും നല്ല മനോഭാവമുള്ളവരും ആക്കും. സമപ്രായക്കാരോടുള്ള കളികൾ അവരുടെ വ്യക്തിത്വ വികസനത്തിനും സന്തോഷത്തിനും അനിവാര്യം. ആഗ്രഹങ്ങൾ എല്ലാം സാധിച്ചുകൊടുക്കുന്നതും വാശിക്കും നിർബന്ധത്തിനും വഴങ്ങിക്കൊടുക്കുന്നതും കുട്ടിയുടെ സന്തോഷത്തിനല്ല നാശത്തിനാണ് വഴി തെളിക്കുക. ആവശ്യത്തിൽ കൂടുതൽ സാധനങ്ങൾ വാങ്ങിക്കൊടുത്തും പണം ചിലവാക്കിയും കുട്ടികൾക്ക് 'സന്തോഷം' നിലനിർത്താൻ കഴിയും എന്ന് ധരിക്കേണ്ട. വേണ്ടതും വേണ്ടാത്തതും തിരിച്ചറിയാനും 'NO' കേൾക്കാനും കുട്ടി പഠിക്കേണ്ടതുണ്ട്. ആഗ്രഹങ്ങളോടൊപ്പം പ്രതികൂല സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനും അതിലും തൃപ്തിയും സന്തോഷവും കണ്ടെത്താനും അവർ കുട്ടിക്കാലത്തുതന്നെ പരിചയിക്കട്ടെ.

വൈകാരിക ബുദ്ധിശക്തി വളർത്തേണ്ടത് വളരെ പ്രധാനം. മാനുഷിക ബന്ധങ്ങളിൽ മൂല്യം കണ്ടെത്താനും സന്തോഷം കണ്ടെത്താനും ഒക്കെ പരിശീലിക്കട്ടെ. മാതാപിതാക്കൾ തമ്മിലുള്ള ധാരണയും കരുതലും കുട്ടികളെ പോസിറ്റീവ് ആയി സ്വാധീനിക്കും. Parents-ന്റെ വൈകാരിക താളം വളരെ പ്രധാനം. Parents എത്ര കണ്ട് തൃപ്തിയും സന്തോഷവും അനുഭവിക്കുന്നു അത്രകണ്ട് കുട്ടികൾ comfortable ഉം സന്തോഷവും ഉള്ളവരാകാം.

കല, സൗഹൃദം, നല്ല ബന്ധങ്ങൾ ഒക്കെ കുട്ടിയോടൊപ്പം വളരട്ടെ.... ഇവ സന്തോഷം നിലനിർത്താൻ സഹായിക്കും. നല്ല പ്രവർത്തനങ്ങളിലെ പങ്കാളിത്തവും ഉത്തരവാദിത്വവും ഒക്ക കുട്ടിക്കാലത്തെ നൽകിത്തുടങ്ങാം.

സ്മാർട്ട് ഫോണും അമിതമായ ടെലിവിഷനും കാർട്ടൂണും ഗെയിമും ഒക്കെ കുട്ടിയുടെ ആരോഗ്യപരമായ വളർച്ചയെ മുരടിപ്പിക്കും. പ്രകൃതിയും പക്ഷി മൃഗാദികളും വെയിലും മഴയും മണ്ണും ഒക്കെ അവരുടെ ജീവിതത്തോട് സന്തോഷമായി ചേർന്ന് നിൽക്കട്ടെ. നല്ല ശാരീരിക ആരോഗ്യം കുട്ടിയുടെ സന്തോഷത്തിനു വലിയ മൂലധനമാണ്.

നല്ല ഭക്ഷണം തന്നെ സന്തോഷത്തെ നിലനിർത്താൻ സഹായിക്കും. സ്വഭാവത്തിലെ പ്രസന്നത വൈകാരിക-മാനസിക ആരോഗ്യം ഒക്കെ ഒരു കുട്ടിയുടെ ആരോഗ്യത്തിന് അടിത്തറ പാകും. നന്നായി കുട്ടികളെ നിരീക്ഷിച്ചു ഈ കാര്യങ്ങൾ എല്ലാം കുട്ടിക്കാലത്തുതന്നെ ഉറപ്പു വരുത്താം.

'Thank you', 'sorry' ഒക്കെ ആവശ്യം പോലെ പറയാൻ കുട്ടികൾ പഠിക്കട്ടെ. കരുതാനും പങ്കുവയ്ക്കാനും മറ്റുള്ളവരുടെ വികാരങ്ങൾ മനസ്സിലാക്കാനും സാഹചര്യങ്ങൾക്ക് അനുസരിച്ച് പെരുമാറാനും ഒക്കെ അവർ അറിഞ്ഞു വളരട്ടെ...... അതാണ് വളർച്ചയുടെ സൗന്ദര്യം, സ്ഥായിയായ സന്തോഷത്തിലേക്കുള്ള വഴി! അസൂയ, കുശുമ്പ്, ആർത്തി, അലസത ഒക്കെ മറികടക്കാൻ കുഞ്ഞുങ്ങളെ കുട്ടിക്കാലത്തെ ഒരുക്കാം. Win-win ഒരുമിച്ചു വിജയിക്കാൻ ശീലിക്കട്ടെ.

ദൈവവിശ്വാസം, ഭക്തി ഒക്കെ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അപ്പുറം സന്തോഷവും സംതൃപ്തിയും നന്മയുള്ള പ്രവർത്തനങ്ങളും ആണെന്ന് അവർക്ക് പഠിക്കാൻ അവസരം നൽകാം. ദൈവഭാവം – സ്നേഹവും വിനയവും നന്മയും കരുണയും മാനവികതയും ത്യാഗവും അവരിൽ നിറയട്ടെ. Thankfulness പഠിക്കണം; ഇല്ലാത്തതിനെ ഓർത്തല്ല, ഉള്ളതിനെ ഓർക്കാൻ നന്ദിയും വിനയവുമായിരിക്കാൻ പഠിക്കട്ടെ. സന്തോഷം, സങ്കടം ഇല്ലാത്ത അവസ്ഥയല്ല; മറിച്ച് അത് ഒരു സംസ്കാരവും കലയുമാണ്.

GIVE HAPPINESS and TAKE HAPPINESS ●

## വില്പനയ്ക്ക്

**കോട്ടയം ചുങ്കം കവലയ്ക്ക് സമീപം മള്ളൂശ്ശേരിൽ പരവൻപറമ്പ് റോഡിൽ NSS കരയോഗം കെട്ടിടത്തിനു സമീപം 10 സെന്റ് സ്ഥലം, ചുറ്റുമതിലോടും കിണറും കൂടി ഉള്ളത് വില്പനയ്ക്ക്**

**Mob. 9447285701**

**Whats App. 00447576723943**




# പരി. ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത - പരുമല തിരുമേനി

ഫാ. ലിജോ ജോസഫ് പട്ടുകാലായിൽ

ഭാരതത്തിൽ നിന്നുള്ള ആദ്യത്തെ പ്രഖ്യാപിത പരിശുദ്ധൻ, മലയാളത്തിലെ ആദ്യത്തെ അച്ചടിച്ച യാത്രാ വിവരണ രചയിതാവ് (ഊർശ്ലേം യാത്രാ വിവരണം) എന്നീ നിലകളിൽ സഭാ രത്നമായി പ്രശോഭിതനായ പിതാവാണ് പരി.ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അഥവാ പരുമല തിരുമേനി. ഭരണ നൈപുണ്യത്തേക്കാൾ ജീവിത വിശുദ്ധി കൊണ്ട് പ്രസിദ്ധിയാർജ്ജിച്ച വ്യക്തിയാണ് പരി. പരുമല തിരുമേനി.

1848 ജൂൺ 15-ന് മുളന്തുരുത്തി മാർത്തോമ്മൻപള്ളി ഇടവകയിൽപെട്ട ചാത്തുരുത്തിയിൽ കൊച്ചുമത്തായി-മറിയം ദമ്പതികളുടെ ഇളയമകനായി പരി. തിരുമേനി ജനിച്ചു. മുളന്തുരുത്തിപ്പള്ളിയിൽ ഗീവർഗീസ് എന്ന നാമത്തിൽ വി.മാമോദീസ സ്വീകരിച്ചു. ഏറ്റവും ഇളയകുട്ടി എന്ന പ്രത്യേക പരിലാളനയിൽ വളർന്ന തിരുമേനിയെ മാതാപിതാക്കൾ കൊച്ചയ്പ്പോര എന്നാണ് വിളിച്ചിരുന്നത്. ഗീവർഗീസിന് രണ്ടു വയസ്സ് തികയും മുമ്പ് അമ്മ മറിയം മരണമടഞ്ഞതിനാൽ മൂത്ത സഹോദരിയായ മറിയാമിന്റെ സംരക്ഷണത്തിലാണ് കൊച്ചായ്പ്പോര പിന്നീട് വളർന്നത്.



പഠനത്തിൽ അസാമാന്യ കഴിവുകൾ പ്രകടിപ്പിച്ച കൊച്ചയ്പ്പോര പ്രാഥമിക വിദ്യാഭ്യാസാനന്തരം പിതൃസഹോദരനായ ഗീവർഗീസ് മല്പാനിൽ നിന്ന് വേദശാസ്ത്രവും, സുറിയാനിയും പഠിക്കുകയും ചെയ്തു. ഒൻപതാം വയസ്സിൽ മാത്യൂസ് മോർ അത്താനാസിയോസിൽ നിന്ന് കോറൂയോ പട്ടം സ്വീകരിച്ചു. ഗീവർഗീസ് മല്പാന്റെ മരണത്തെ തുടർന്ന് പാമ്പാക്കുട കോനാട്ട് മല്പാന്റെ ശിഷ്യനായി തുടർപഠനം നിർവ്വഹിച്ച ഗീവർഗീസ് ശെമ്മാശന് 18-ാംവയസ്സിൽ വൈദികപട്ടവും, തുടർന്ന് കോർ-എപ്പിസ്കോപ്പാ സ്ഥാനവും അന്ത്യോഖ്യൻ പ്രതിനിധി പരി.യൂയാക്കീം മോർ കൂറിലോസ് ബാവായിൽ നിന്നും ലഭിച്ചു.

ഇക്കാലയളവിൽ പരുമലയിൽ പുതുതായി സ്ഥാപിച്ച സെമിനാരിയുടെ സുഗമമായ പ്രവർത്തനത്തിന് ഒരു സഹായിയെ തേടിക്കൊണ്ടിരുന്ന അന്നത്തെ മലങ്കര മെത്രാപ്പോലീത്ത ജോസഫ് മോർ ദിവന്നാസിയോസ് വെട്ടിക്കൽ സെന്റ് തോമസ് ദയറായിൽ താമസിച്ചിരുന്ന ചാത്തുരുത്തി ഗീവർഗീസ് കോർ-എപ്പിസ്ക്കോപ്പയെ റമ്പാൻ സ്ഥാനം നൽകി പരുമല സെമിനാരിയിൽ നിയമിച്ചു. അനേകം വൈദിക വിദ്യാർത്ഥികൾക്കും, ശെമ്മാശന്മാർക്കും, മികച്ച വൈദിക പരിശീലനം നൽകുവാൻ അദ്ദേഹത്തിന് സാധിച്ചു.

1875-ൽ പരി. പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് ബാവ കേരളത്തിൽ എഴുന്നള്ളിയപ്പോൾ അദ്ദേഹത്തിന്റെ സെക്രട്ടറിയും, ദ്വിഭാഷിയുമായി സഭ നിയമിച്ചത് ഗീവർഗീസ് റമ്പാനെ ആയിരുന്നു. 1876-ൽ ജൂൺ മാസത്തിൽ പരി. പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ മുളന്തുരുത്തി പള്ളിയിൽ വച്ച് നടന്ന പള്ളിപ്രതിപുരുഷ യോഗത്തിൽ (മുളന്തുരുത്തി സുന്നഹദോസ്) മലങ്കരസഭയെ ഏഴ് ഭദ്രാസനങ്ങളായി വിഭജിച്ച് ആറു മെത്രാപ്പോലീത്തന്മാരെക്കൂടി ഭദ്രാസന ചുമതലകൾക്കായി തെരഞ്ഞെടുക്കുവാനും തീരുമാനിച്ചു. ഈ ആറുപേരിൽ ഒരാൾ പരി. സിംഹാസനത്തിന്റെ വിശ്വസ്ത പുത്രനായ ഗീവർഗീസ് റമ്പാൻ ആയിരുന്നു. 1876 ഡിസംബർ 10-ന് മോർ ഗ്രീഗോറിയോസ് ഗീവർഗീസ് എന്ന പേരിൽ വടക്കൻ പറവൂർ പള്ളിയിൽവച്ച് മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. ഏറ്റവും പ്രായം കുറഞ്ഞ മെത്രാപ്പോലീത്ത ആയിരുന്നതിനാൽ അദ്ദേഹം കൊച്ചുതിരുമേനി എന്ന് അറിയപ്പെട്ടു.

1877-ൽ തെക്കൻ പ്രദേശത്തെ ക്നാനായ പള്ളികൾ ഉൾപ്പെടെ നിരണം ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്തു. മോർ ഗ്രീഗോറിയോസിന്റെ ഭക്തിയിലും ജീവിത വിശുദ്ധിയിലും ആകൃഷ്ടർ ആയ അനേകർ അദ്ദേഹത്തിൽ നിന്ന് അനുഗ്രഹങ്ങൾ സ്വീകരിക്കാൻ പരുമലയിൽ വന്നു ചേരുമായിരുന്നു. പരുമല സെമിനാരിയുടെ സമീപം ആരാധനയ്ക്കായി

*ശേഷം 17-ാം പേജിൽ*

# വിവാഹിതരായി



Advt -S

കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ പനച്ചയിൽ ശ്രീ. പി.സി. ജേക്കബിന്റെയും സുമ ജേക്കബിന്റെയും മകൻ **നിബു ജേക്കബും** മഴുക്കീർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ താമരപ്പള്ളി ശ്രീ. റ്റിബി സെഖറിയായുടെയും ലിജു ജെയിംസിന്റെയും മകൾ **റ്റിയാ സൂസൻ റ്റിബി**-യും തമ്മിലുള്ള വിവാഹം 10-09-2020 വ്യാഴാഴ്ച 11 മണിയ്ക്ക് വികാരി റവ. ഫാ. എ.ഒ. ജോൺ അമ്മനംകുന്നത്തിന്റെ സാന്നിദ്ധ്യത്തിലും റവ. ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ടിന്റെ മുഖ്യകാർമ്മികത്വത്തിലും കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളിയിൽ നടത്തപ്പെട്ടു.

# Congratulations



Advt -O

## Anika Punnoose

**(Grand daughter of Late P. Punnoose & Baby and K.P. Joseph & Aleyamma) on Scoring 95.8% in CBSE 2020 grade 10 exams.**

With Best Compliments from

Assanparambil Family, Thiruvanvandoor

& Kannanthanam Family, Trivandrum

# 50-ാം വിവാഹവാർഷികം

**25-10-2020**



Advt -O

## M.M.THOMAS & ROSAMMA THOMAS

Marangattu, Vakathanam

ആശംസകളോടെ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Thomas, Kevin, Aleena, Aileen, Alphy

## 51 – ാം വിവാഹവാർഷികം

12 – 10 – 2020



## K.T.SKARIA
## & LEELAMMA SKARIA

Kannankara, Pazhavangadi, Ranny

**Best Compliments**

ELZID-MALU
Zach
Eleessa
Mathew

ELVIS-BINDU
Esseenia
Erix

ELDA-ANISH
Aleesha
Anson

Advt - S



## Congratulations




## എബ്രഹാം ചാക്കോ (രാജു)

ടോസ്റ്റ് മാസ്റ്റേഴ്സ് ഇന്റർനാഷണലിൽനിന്നും പരമോന്നത ബഹുമതിയായ ഡിസ്റ്റിംഗൂഷ്ഡ് പദവി ലഭിച്ച (ഡി. ടി. എം.) എബ്രഹാം ചാക്കോ (രാജു) വെളിയനാട് സെന്റ് സ്റ്റീഫൻ പള്ളിയിലെ ഇടവക അംഗങ്ങളായ മാവേലികളം തെക്കേ വാഴയിൽ ചാക്കോ എബ്രഹാമിന്റെയും, സാറാമ്മ എബ്രഹാമിന്റെയും മകനാണ്.

ഭാര്യ മോളി, മകൻ എൽട്ടൺ

Advt - O


# പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമിസ് തിരുമേനിയുടെ 18 – ാം ശ്രാദ്ധപ്പെരുന്നാൾ







## 40 –ാം ചരമദിനം
15–10–2020



**CHEVELIER: THAMPY PHILIP (80)**
**Pallathra, Kurichy**

എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു.
ഫിലിപ്പിയർ 1:21

Advt - R

## 40th Day of Demise
$19^{th}$ October 2020



IN OUR HEARTS FOREVER

**P.A MATHEWS**
(28.03.1935 - 10.09.2020)

Deeply mourned by
Kannathumuriyil Family Members

Advt - O

## 40–ാം ചരമദിനം
17-10-2020



**തോമസ് പുന്നൂസ് (85)**
**ഇടയാടിയിൽ**
**പേട്ട, തിരുവനന്തപുരം**

Advt - O

## $2^{nd}$ Death Anniversary
(01.11.2020)




**KUNJOONJAMMA CHACKO**
**MOOLETHARAYIL (H)**
**VANMAZHY , KALLISSERY**

By
Sorrowing Family

Advt - S

## 1st Birthday in Heaven

03 – 10 – 2020



Advt -S

## KURUVILLA ABRAHAM

**(Kunjumon)**

**Ackal Vadakke Malayil, Kuttoor**

“നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

31 – 10 – 2020



Advt -O

## P.I.Chacko

(Rtd. Joint Secretary, Govt. of Kerala)

**പനയിടത്തുശ്ശേരിൽ, കേശവദാസപുരം, തിരുവനന്തപുരം**

“നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*



## 40th Death Anniversary

25 – 10 – 2020

## Shajimon

**Pulimoottil House**

**Chellackadu,**

**Ranni**

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ ”

You will live forever in our hearts

By Sorrowing Family

Advt -O

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

## മിന്നുകെട്ടൽ

മിന്നുകെട്ടൽ സുറിയാനി സഭാ പാരമ്പര്യത്തിലുള്ളതല്ല; ഭാരത പാരമ്പര്യമാണ്. കുരിശടയാളമുള്ള മിന്നാണ് ക്രൈസ്തവ വിവാഹത്തിനുപയോഗിക്കുന്നത്.

"ശൂഭചിഹ്നം തൻ സ്ലീബാ

വിജയക്കൊടി താൻ സ്ലീബാ

നമ്മെ രക്ഷിച്ചീടും

സ്ലീബായിൽ പുകഴുന്നു നാം"

വെറുതെ ഒരു കെട്ടൽ അല്ല; സ്ലീബാ എന്ന സഹനത്തിന്റെ പ്രതീകമാണ് കഴുത്തിലണിയിക്കുന്നത്. അതിലൂടെ മണവാളനും മണവാട്ടിയും ദൈവനാമത്തിൽ ഒന്നായിത്തീരുന്നു. പരസ്പരമുള്ള വഹിക്കലാണ് ഈ മിന്നുകെട്ടലിലൂടെ സാധ്യമാക്കുന്നത്. മന്ത്രകോടിയിൽ നിന്നെടുക്കുന്ന ഏഴ് നൂലുകൾ ചേർത്തിണക്കി ഒന്നാക്കിയാണ് മിന്നുകെട്ടിനുപയോഗിക്കുന്നത്.

"അച്ചോ, അതിനാണോ – ഞാൻ ഏഴ് നൂലും പിരിച്ചു കെട്ടിയതാണെന്ന് ചില ഭർത്താക്കന്മാർ വീമ്പിളക്കുന്നത്"

വനിതാസമാജാംഗത്തിന്റെ നർമ്മം കലർന്ന ചോദ്യം എല്ലാവർക്കും ഉത്സാഹം പകർന്നു.

## കൈപിടിപ്പിക്കൽ

ഹൂത്തോമോ പ്രാർത്ഥന അഥവാ അവസാനത്തെ പ്രാർത്ഥന ചൊല്ലുന്നതിനിടയിൽ പട്ടക്കാരൻ മണവാളനെയും മണവാട്ടിയെയും പരസ്പരം വലതുകരം ചേർത്തു പിടിപ്പിക്കുന്നു. ഇത് പരസ്പരമുള്ള ഭരമേല്പിക്കലാണ്.

*"മക്കളേ! ഇപ്പോൾ നിങ്ങൾ ദൈവസന്നിധിയിലും നമ്മുടെ കർത്താവായ യേശുമിശിഹായുടെ സിംഹാസനമായ ജീവമേശയുടേയും സ്ലീബായുടേയും വെടിപ്പുള്ള ഏവൻഗേലിയോന്റെയും ഈ ജനക്കൂട്ടത്തിന്റെയും മുമ്പാകെയാണ് നിൽക്കുന്നതെന്ന് പ്രത്യേകം ശ്രദ്ധിപ്പീൻ".* ഈ പ്രബോധനം നൽകുന്നത് അവർ നിൽക്കുന്ന സ്ഥലത്തിന്റെയും സാക്ഷികളുടെയും പ്രാധാന്യം മനസ്സിലാക്കുവാൻ വേണ്ടിയാണ്. കൈപിടിക്കുന്നതിനു മുമ്പ് തങ്ങളുടെ ഉടമ്പടിയ്ക്ക് എത്ര മാത്രം മഹത്വമുണ്ടെന്ന് അവർ തിരിച്ചറിയുന്നു. പരസ്പരമുള്ള ഉത്തരവാദിത്വം പട്ടക്കാരൻ ഭാര്യാഭർത്താക്കന്മാരെ അറിയിക്കുന്നു.



"നിങ്ങളിൽ ഓരോരുത്തരും അവനവന്റെ ഭാര്യയോടുള്ള ബന്ധം ശ്രദ്ധിപ്പിൻ." ഭാര്യയോടുള്ള കടമ നിർവ്വഹിക്കുവാൻ ഭർത്താവ് ശ്രദ്ധാലുവായിരിക്കണം. ഭാര്യ സ്വന്തമാളുകളെ വിട്ട് ഭർത്താവിനോട് ചേർക്കപ്പെട്ടിരിക്കുന്നതിനാൽ അവളുടെ മാനസ്സികാവസ്ഥ മനസ്സിലാക്കി അവളെ സന്തോഷിപ്പിക്കുവാനും കരുതുവാനും പ്രബോധിപ്പിക്കുന്നു. മാത്രമല്ല ഭാര്യയും ഭർത്താവിനോട് അവളുടെ കടമ നിർവ്വഹിക്കണം. എല്ലാ കാര്യത്തിലും സ്നേഹത്തോടും പ്രേമത്തോടുംകൂടി വർത്തിക്കണമെന്ന് പറഞ്ഞിരിക്കുന്നു. രണ്ടുപേരും പരസ്പരമുള്ള കരുതലും സംരക്ഷണവും നിർവ്വഹിക്കണം. "നിങ്ങൾ രണ്ടല്ല; ഒന്നത്രെ" എന്നുള്ള ദൈവശാസ്ത്രദർശനം പൂർത്തീകരിക്കണം. യേശുവിന്റെ കാൽവറിയിലെ സ്നേഹം മണവാളൻ പ്രകടമാക്കുമ്പോൾ മണവാട്ടി ആ സ്നേഹത്തിനു മുമ്പിൽ സമർപ്പിച്ചുകൊണ്ട് അവന് കീഴ്പ്പെടുവാൻ അശേഷം മടികാട്ടുന്നില്ല.

"ഭാര്യ ഭർത്താവിനും ഭർത്താവ് ഭാര്യയ്ക്കും കടപ്പെട്ടിരിക്കുന്നത് ചെയ്യട്ടെ. ഭാര്യയുടെ ശരീരത്തിന്മേൽ ഭർത്താവിനാണവകാശം ഭർത്താവിന്റെ ശരീരത്തിന്മേൽ ഭാര്യയ്ക്കാണവകാശം" (1 കൊരി.7:3,4). പരസ്പരമുള്ള കടമകളും ഉത്തരവാദിത്വങ്ങളും കുറ്റമറ്റതായി ചെയ്യുന്നതിനാണ് ഈ കൈപിടിപ്പിക്കൽ.

**ശ്ലീഹാ വായന (എഫേ 5:20–6:4)**

വി. വിവാഹകൂദാശയിൽ പൗലോസ് ശ്ലീഹായുടെ

ലേഖനം വായിക്കുന്നു. എഫേ.5:20–6:4 വരെയുള്ള ഭാഗമാണ് വായിക്കുന്നത്. ഇതിലെ പ്രധാന പ്രതിപാദ്യവിഷയം സ്നേഹമാണ്. വെറും സ്നേഹം അല്ല; സ്വയം ശൂന്യമാക്കുന്ന സ്നേഹം (Self emptying love). ഉപരിപ്ലവമായ സ്നേഹമല്ല; ത്യാഗോജ്ജ്വലമായ സ്നേഹം. യേശുവിന്റെ കാൽവറിയിലെ നിസ്വാർത്ഥമായ സ്നേഹം മണവാളനിലും മണവാട്ടിയിലുമുണ്ടായെങ്കിൽ മാത്രമെ വിവാഹജീവിതം വിജയിക്കുകയുള്ളു. ഈ വേദവായനയിൽ ഈ വസ്തുത ബോധ്യപ്പെടുത്തുന്നു.

“മ്ശിഹായിലുള്ള സ്നേഹത്താൽ പരസ്പരം കീഴ്പ്പെടുവീൻ. പുരുഷന്മാരെ മ്ശിഹാ തന്റെ സഭയെ സ്നേഹിച്ചതുപോലെ നിങ്ങളും നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പീൻ....... ഭാര്യയും അപ്രകാരം ഭർത്താവിനെ സ്നേഹിക്കുകയും അവന് കീഴ്പ്പെടുകയും ചെയ്യണം”.



വിവാഹത്തെക്കുറിച്ചുള്ള സഭയുടെ ദൈവശാസ്ത്രദർശനം ഈ വചനങ്ങളിൽ കാണാം. ദൈവീക സ്നേഹത്താൽ പരസ്പരം കീഴ്പ്പെടുവാൻ പറഞ്ഞിരിക്കുന്നു. കുടുംബജീവിതത്തെ നിലനിർത്തുന്നത് കളങ്കമില്ലാത്ത സ്നേഹമാണ്. ലൗകിക സ്നേഹമല്ല; ദൈവീക സ്നേഹമാണ് വേണ്ടത്. “ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭർത്താവ് ഭാര്യയെ സ്നേഹിക്കണം”. ക്രിസ്തു എങ്ങനെയാണ് സഭയെ സ്നേഹിച്ചത്? സ്വന്തജീവനെ നൽകിക്കൊണ്ടാണ് ക്രിസ്തുസഭയെ സ്നേഹിച്ചത്. ഇപ്രകാരം ഭർത്താവ് ഭാര്യയെ സ്നേഹിക്കണം. അങ്ങനെ സ്നേഹിക്കുന്ന ഭർത്താവിനെ തിരികെ സ്നേഹിക്കുവാനും അവന് കീഴ്പ്പെട്ടിരിക്കുവാനും അവൾക്ക് ബുദ്ധിമുട്ടുണ്ടാകില്ല. കാരണം സ്നേഹം ക്ഷമിക്കുന്ന സ്നേഹമാണ്. സഹിക്കുന്ന സ്നേഹമാണ്. യേശുവിന്റെ കാൽവറിയിലെ സ്നേഹത്തിന്റെ തീവ്രത മനസ്സിലാക്കുന്നവന് അപ്രകാരം തന്റെ ഭാര്യയെ സ്നേഹിക്കുവാൻ കഴിയും.

ഫിലിപ്പിയർ 2:4–11 വാക്യങ്ങളിൽ ക്രിസ്തുസഭയെ സ്നേഹിച്ച വിധം രേഖപ്പെടുത്തിയിരിക്കുന്നു. “അവൻ ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായി തീർന്നു”.

സ്വയം ശൂന്യവൽക്കരിച്ചുകൊണ്ട് സഭയ്ക്കായി തന്റെ ജീവനെ സമർപ്പിച്ചതുപോലെ ഭർത്താവ് ഭാര്യയ്ക്കായും ഭാര്യ ഭർത്താവിനായും തന്നെത്താൻ സമർപ്പിക്കണം. പരസ്പരം സമർപ്പണമുള്ളയിടത്താണ് സ്വയം ശൂന്യമാകുന്ന സ്നേഹം പ്രകടമാക്കുന്നത്. യേശുവിന്റെ സ്നേഹം കീഴടങ്ങലിന്റെ സ്നേഹമാണ്; തോറ്റുകൊടുക്കുകയും വിട്ടുകൊടുക്കുകയും ചെയ്യുന്ന കീഴടങ്ങലിന്റെ സ്നേഹം. തന്റെ വ്യക്തിത്വത്തെയും താൽപര്യങ്ങളെയും പരിഗണിക്കാതെ ജീവിതപങ്കാളിയ്ക്ക് പ്രാധാന്യം നൽകുന്ന ശ്രേഷ്ഠമായ കുരിശിന്റെ മഹത്വമാണ് വിവാഹജീവിതത്തിലുണ്ടാകേണ്ടത്. “ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു” (1 കൊരി. 1:18).

ജീവിതപങ്കാളിയെ സ്നേഹം കൊണ്ട് കീഴ്പ്പെടുത്തുവാനുള്ള മത്സരമാണ് കുടുംബജീവിതത്തിന്റെ സൗന്ദര്യം. സ്നേഹിച്ചു മതിവരാതെ, കൊതി തീരാത്ത ഹൃദയത്തോടെ, തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷിക്കാതെ, സ്നേഹിക്കുന്നത് തന്റെ സന്തോഷമെന്ന് വിശ്വസിക്കുന്ന പങ്കാളി ഉത്തമനായ ഭർത്താവ്/ഭാര്യ ദാമ്പത്യജീവിതത്തെ സുന്ദരമാക്കുന്നു.

പ്രതിസന്ധികളിലും പ്രതികൂലതകളിലും സഹനങ്ങളുടെ നടുവിലും സ്നേഹത്തിന്റെ മഹത്വം തിരിച്ചറിഞ്ഞ് കുടുംബജീവിതം നയിക്കുവാൻ ഈ തിരിച്ചറിവ് സഹായിക്കും. മാത്രമല്ല മാതാപിതാക്കളും മക്കളും തമ്മിലുള്ള സ്നേഹബന്ധവും ശ്ലീഹാ ഇവിടെ നിർവ്വചിക്കുന്നുണ്ട്. ഒരു നല്ല കുടുംബം വാർത്തെടുക്കുവാൻ സ്നേഹമാണ് അത്യന്താപേക്ഷിതം എന്ന് ശ്ലീഹാ ഇവിടെ പ്രസ്താവിക്കുന്നു.

**ഏവൻഗേലിയോൻ (വി.മത്തായി 19:1–12)**

വിവാഹ കൂദാശയിൽ വായിക്കപ്പെടുന്ന സുവിശേഷഭാഗമാണ് വി. മത്തായി 19:1–12. കുടുംബ ജീവിതത്തെക്കുറിച്ച് ദൈവം എന്താണ് വിഭാവനം ചെയ്തിരിക്കുന്നത് എന്ന് ബോധ്യപ്പെടുത്തിത്തരുന്ന സുവിശേഷഭാഗമാണിത്. പുരുഷമേധാവിത്വ സമൂഹത്തിന്റെ നടുവിൽ സ്ത്രീ അർഹിക്കുന്ന പരിഗണനയും ബഹുമാനവും സംരക്ഷണവും സ്നേഹവും ലഭിക്കുവാൻ കർത്താവ് ഉപദേശിക്കുന്ന ഈ വേദഭാഗത്ത് നിസ്സാരകാര്യങ്ങളുടെ പേരിൽപോലും ഭാര്യയെ ഉപേക്ഷിക്കുകയും ബഹുഭാര്യാത്വം തെറ്റല്ലാതെ കാണുകയും ചെയ്യുന്ന

സമൂഹത്തിന്റെ നടുവിൽ ദാമ്പത്യ ജീവിതത്തിൽ സ്ത്രീയ്ക്ക് പ്രാധാന്യം നൽകുന്ന പ്രബോധനമാണിത്.

ഉല്പത്തി 2:24 ഉദ്ധരിച്ചുകൊണ്ട് വിവാഹ കൂദാശയുടെ മഹത്വം യേശു പറയുന്നു:

“പുരുഷൻ തന്റെ മാതാവിനെയും പിതാവിനെയും വിട്ടു ഭാര്യയോടു ചേർന്നിരിക്കയും അവരിരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യുമെന്ന് അവിടുന്ന് പറഞ്ഞു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? ആകയാൽ അവർ രണ്ടല്ല, ഒരു ശരീരമാകുന്നു. അതുകൊണ്ടു ദൈവം സംയോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്” (മത്തായി 19:5-6). അപ്പനെയും അമ്മയെയും ഉപേക്ഷിക്കുവാനല്ല പറയുന്നത്. അവരെവിട്ട് ഭാര്യയോട് പറ്റിച്ചേരുക എന്നു പറഞ്ഞാൽ ഭാര്യയോടുള്ള ഉത്തരവാദിത്വം യഥാവിധി നിറവേറ്റുക എന്നാണ്. ഇനി മുതൽ അവർ രണ്ടല്ല ഒന്നത്രെ എന്നു പറയുന്നതിലൂടെ വിവാഹകൂദാശയുടെ മഹത്വം തിരിച്ചറിയുകയാണ്. ഈ സംയോജനം ഒരു രഹസ്യമാണ്. സാധാരണ ബുദ്ധിക്ക് മനസ്സിലാകില്ല. അതുകൊണ്ടാണ് ദൈവം സംയോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുതെന്ന് പറയുന്നത്. ദാമ്പത്യജീവിതത്തിൽ ഭാര്യാഭർത്താക്കന്മാർക്ക് ഒരേ പ്രാധാന്യമാണ്. ഒരാൾ മറ്റൊരാളേക്കാൾ പ്രാധാന്യം കൂടിയതോ കുറഞ്ഞതോ അല്ല. രണ്ടുപേരും ഒന്നായിരുന്നതിനാൽ ഒരേ ഉത്തരവാദിത്തവും അവകാശവുമാണ്.

പുരുഷമേധാവിത്വ സമൂഹമായ യഹൂദാ സമൂഹം സ്ത്രീയെ ഒരു ഉപകരണമായി കണ്ടിരുന്നു. ഉപഭോഗവസ്തു ആയി സ്ത്രീയെ കാണുന്നതായിരുന്നു ഒരു ശരാശരി യഹൂദന്റെ രീതി. അതുകൊണ്ട് യേശു പറഞ്ഞ തത്വചിന്ത യഹൂദന്മാർക്കു ദഹിച്ചില്ല. എന്നാൽ ദാമ്പത്യബന്ധത്തെക്കുറിച്ച് യേശുവിന്റെ ഈ കാഴ്ചപ്പാടിനെ ആസ്പദമാക്കി ക്രൈസ്തവൻ ദൈവശാസ്ത്രം രൂപീകരിച്ചു.

ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം ചെയ്യുന്നത് വ്യഭിചാരമാണെന്ന് പഠിപ്പിച്ച യേശുവിന്റെ കാഴ്ചപ്പാടുകളെ സ്വീകരിപ്പാൻ യഹൂദന് സാധ്യമല്ലായിരുന്നു. ഭാര്യയ്ക്ക് ഉപേക്ഷണപത്രം കൊടുത്തുവിടുന്നത് യഹൂദന്മാരുടെ ഇടയിലെ ഒരുസാധാരണ സംഭവമായിരുന്നു. യഹൂദന്റെ ഈ മനോഭാവത്തിന് എതിരായി യേശു തൊടുത്തുവിട്ട ശരമായിരുന്നു ഈ ഉപദേശം. ക്രൈസ്തവൻ ഏകഭാര്യാത്വത്തിൽ നിലനിന്നതും പിന്നീട് ലോകത്ത് ഏകഭാര്യാത്വം (Monogamy) സ്വീകാര്യമായതും യേശുവിന്റെ ഈ പഠിപ്പിക്കലിനെ ആധാരമായിട്ടാണെന്ന് പറയുന്നതിൽ അതിശയോക്തിയുണ്ടെന്ന് തോന്നുന്നില്ല.

“വരം ലഭിച്ചവനല്ലാതെ എല്ലാവരും ഈ വചനത്തിന് ശക്തരല്ല” (മത്തായി 19:11) എന്നതിന്റെ അർത്ഥം മനസ്സിലായോ?

അച്ചന്റെ ചോദ്യം കേട്ട് Audience നിശ്ശബ്ദരായിരുന്നു.

അച്ചൻ ചോദിച്ചു. എന്നാൽ അടുത്ത ചോദ്യം ചോദിക്കട്ടെ.

“അച്ചനാകുവാനും കന്യാസ്ത്രീ ആകുവാനും ദൈവവിളി ആവശ്യമാണ്. വിവാഹം കഴിക്കുവാൻ ദൈവവിളി ആവശ്യമുണ്ടോ?”

രസികനായ ഒരു യുവാവ് എന്നു പറഞ്ഞാൽ ഇടവകയിലെ യൂത്ത്മൂവ്മെന്റിന്റെ ഭാരവാഹി ടോണി പറഞ്ഞു:

“അച്ചോ, ഒരു നിർബന്ധവുമില്ല. ഞാൻ ലൈൻ അടിച്ചു കെട്ടിയതാണ്”.

അച്ചനുൾപ്പെടെ മുഴുവൻ ആളുകളും ആ ഫലിതത്തിൽ മതിമറന്നു ചിരിച്ചു.

അച്ചൻ പറഞ്ഞു:

“പൊന്നുമോനെ, ടോണി നീ ലൈൻ അടിച്ചാലും പൊക്കിക്കൊണ്ടു വന്നാലും വിവാഹകൂദാശ ലഭിക്കണമെങ്കിൽ ദൈവവിളി ഉണ്ടായെ തീരൂ”.

ഇവിടെ ‘വരം’ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ദൈവവിളിയാണ്. ദൈവവിളി ലഭിച്ചിട്ടില്ലാതെ ആരും ഈ കൂദാശയ്ക്ക് അർഹനാകുന്നില്ല. നിങ്ങളുടെ വിവാഹം ദൈവഹിതപ്രകാരം നടന്നിട്ടുള്ളതാണ്. ഈ വിളിയിൽ ഒരു നിയോഗമുണ്ട്. ചേരേണ്ടതാണ് ചേർക്കപ്പെടുന്നത്. ദൈവത്തിനുമാത്രം അറിയാവൂ ആരൊക്കെ തമ്മിലാണ് ചേരേണ്ടതെന്ന്. മനുഷ്യൻ കാണുന്ന മാനദണ്ഡങ്ങളല്ല ദൈവം കാണുന്നത്. മനുഷ്യൻ ഭൗതികമായ മാനദണ്ഡങ്ങളാണ് ശ്രമിക്കുന്നതെങ്കിൽ ദൈവം മാനസികവും ആത്മീയവുമായ മാനദണ്ഡങ്ങളാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് ദൈവം തരുന്ന നിയോഗങ്ങളെ അനുസരിക്കുന്ന ദൈവവിളി വിവാഹത്തിനാവശ്യമാണ്.

(തുടരും)

# പരുമല തിരുമേനി

## തുടർച്ച

ഉണ്ടായിരുന്ന താൽക്കാലിക കെട്ടിടത്തിന്റെ സ്ഥാനത്ത് മനോഹരമായ ദൈവാലയം അദ്ദേഹം പണികഴിപ്പിച്ചു. 1875 ജനുവരി 27-ന് ഈ ദൈവാലയത്തിന്റെ കൂദാശ നടത്തിയശേഷം വിശുദ്ധനാട് സന്ദർശനത്തിനായി യെരുശലേമിലേയ്ക്ക് പുറപ്പെട്ടു. തിരിച്ചെത്തിയ ശേഷം തിരുമേനി ചെയ്ത പ്രസംഗം ഭക്തവചനം എന്ന പേരിൽ പ്രശസ്തമായി. ഈ പ്രസംഗം തിരുവിതാംകൂറിലെ ഹൈസ്ക്കൂൾ പാഠപുസ്തകത്തിലും, എം.രാമവർമ്മ പ്രസിദ്ധപ്പെടുത്തിയ പ്രഭാഷണങ്ങൾ എന്ന ഗ്രന്ഥത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. തന്റെ യരുശലേം സന്ദർശനത്തെക്കുറിച്ച് ഊർശ്ലേം യാത്രാവിവരണം എന്ന പേരിൽ തിരുമേനി എഴുതി പ്രസിദ്ധീകരിച്ച പുസ്തകമാണ് മലയാളത്തിൽ ആദ്യം അച്ചടിച്ച യാത്രാവിവരണം. സുറിയാനി ഭാഷയിലായിരുന്നു പാണ്ഡിത്യമെങ്കിലും, മലയാളത്തിൽ വേറെയും രചനകൾ നടത്തിയിട്ടുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിക്കുവാൻ അനേകം സ്കൂളുകളും അദ്ദേഹം ആരംഭിച്ചു. “ഞാൻ നല്ലപോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി കാത്തുവച്ചിരിക്കുന്നു” എന്നുള്ള പരി.പൗലോസ് ശ്ലീഹായുടെ വചനങ്ങൾ അന്വർത്ഥമാകും വിധം, 1902 നവംബർ 2-ാം തീയതി 54-ാം വയസ്സിൽ കാലം ചെയ്തു. പരി. പാത്രിയർക്കീസ് ബാവ പരിശുദ്ധൻ ആയി പ്രഖ്യാപിച്ച പരി. പരുമലതിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ നവംബർ 1, 2 തീയതികളിൽ പരി. സഭ കൊണ്ടാടുന്നു. പരി.പരുമലതിരുമേനിയുടെ അംശവടി, കാലങ്ങൾക്ക് ശേഷം ക്നാനായ ഭദ്രാസന മെത്രാപ്പോലീത്തായായ മോർ സേവേറിയോസ് ഗീവർഗീസ് തിരുമേനിയ്ക്ക് പരി. പാത്രിയർക്കീസ് ബാവ നൽകിയത് ഈ സമൂഹം ഇന്നും അമൂല്യമായി സൂക്ഷിക്കുന്നു. പരി. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥത നമുക്ക് കാവലാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*കഴിഞ്ഞ ലക്കം തുടർച്ച...*

# സമാധി


ഡോ. ഐബി ജോസ്, കിഴക്കേടത്ത്, റാന്നി

**മനസ്സിനെ നിരോധിക്കുന്നതാണ് യോഗ. മനസ്സിലെ ചിന്താതരംഗങ്ങൾക്കും വിരാമം കുറിക്കുക. മനസ്സെന്നു പറയുന്നത് ചിന്താപ്രവാഹം കൂടിയാണ്. ചിന്തകളെ നിരീക്ഷിക്കുക, നിരോധിക്കുക ധ്യാനത്തിലൂടെ. മനസ്സിന്റെ നിരോധം/ നിശ്ചലത സ്വസ്ഥതയും, ആരോഗ്യവും, ക്ഷേമവും നൽകുന്നു. മനസ്സിന്റെ ചാഞ്ചല്യം ആശനിരാശകൾ, മാനാപമാനങ്ങൾ, സുഖ ദുഃഖങ്ങൾ എന്നിവ സൃഷ്ടിക്കുന്നു.**

**അസംപ്രജ്ഞാത സമാധി** - വസ്തു നിഷ്ഠമായ പിന്തുണയില്ല ഇവിടെ. വ്യക്തിപരമായി 'ഞാൻ' നില നിൽക്കാത്തയിടത്ത് വ്യക്തിത്വം നഷ്ടപ്പെടുകയും, മനസ്സ് വിശകലനം, പ്രതിഫലനം, ലോകബോധം മുതലായവയിൽനിന്നും മുക്തമാവുകയും ചെയ്യുന്നു.

സംപ്രജ്ഞാത സമാധിയിൽ അവനവനെക്കുറിച്ചുള്ള നേരിയ ബോധം അവശേഷിക്കുന്നതുകൊണ്ട് സമാധിയിൽ നിന്നും തിരിച്ചുവരാനും, അപ്പോൾ വെളിപ്പെട്ട തത്വങ്ങളെ മനനം ചെയ്തു ശിഷ്യന്മാർക്കു പറഞ്ഞു കൊടുക്കുവാനും കഴിയുന്നു. അസംപ്രജ്ഞാത സമാധിയിൽ സാധകന് സ്വന്തം അസ്തിത്വത്തെക്കുറിച്ച് അല്പംപോലും ബോധം അവശേഷിക്കാതെയാവുന്നു. അതിന്റെ പരിപൂർണ്ണതയിൽ എത്തിയാൽ പിന്നെ മടങ്ങി വരവുമില്ല എന്നു പറയുന്നു.

ആവർത്തിച്ചുള്ള സമാധി അനുഭവങ്ങൾ മനസ്സിനെ ശുദ്ധീകരിക്കുന്നു. ഏകാഗ്രത കൂടുന്നതനുസരിച്ച് മനസ്സ് മൂർച്ചയേറുന്നതും തുളച്ചു കയറുന്നതുമാണ്. എല്ലാത്തിന്റെയും സൂക്ഷ്മ തലങ്ങളിലേക്കിറങ്ങിച്ചെല്ലുന്നു. ചിലർ ധ്യാനിക്കുമ്പോൾ ചുരുങ്ങിയ സമയം കൊണ്ട് സമാധി അനുഭവിക്കുന്നു. അവരുടെ മനസ്സ് വീണ്ടും പുറം ലോകത്തേയ്ക്ക് വരുന്നു. പുറംലോകചിന്തകൾ, മോഹങ്ങൾ, ഓർമ്മകൾ, attachments etc. സമാധിയിൽ താല്ക്കാലികമായി അടിച്ചമർത്തുന്നത് വീണ്ടും സജീവമാകുമ്പോൾ ഇതു സംഭവിക്കുന്നു. ഏകാഗ്രതയുടെ, അതേ ആഴം വീണ്ടെടുക്കാൻ മനസ്സിനു കഴിയുമെങ്കിൽ സമാധിയിലേക്കു വീണ്ടും പ്രവേശിക്കുവാൻ കഴിയും.



'യോഗ: ചിത്ത വൃത്തി നിരോധ' എന്ന് യോഗയുടെ പ്രധാനാചാര്യനായ 'പതഞ്ജലി മഹർഷി' പറഞ്ഞിരിക്കുന്നു. മനസ്സിനെ നിരോധിക്കുന്നതാണ് യോഗ. മനസ്സിലെ ചിന്താതരംഗങ്ങൾക്ക് വിരാമം കുറിക്കുക എന്നുള്ളതാണ്. മനസ്സെന്നു പറയുന്നത് ചിന്താപ്രവാഹം കൂടിയാണ്. ചിന്തകളെ നിരീക്ഷിക്കുക, നിരോധിക്കുക ധ്യാനത്തിലൂടെ. മനസ്സിന്റെ നിരോധം/ നിശ്ചലത സ്വസ്ഥതയും, ആരോഗ്യവും, ക്ഷേമവും നൽകുന്നു. മനസ്സിന്റെ ചാഞ്ചല്യം ആശനിരാശകൾ, മാനാപമാനങ്ങൾ, സുഖ ദുഃഖങ്ങൾ എന്നിവ സൃഷ്ടിക്കുന്നു. ആത്മസ്നേഹമുള്ളവർ താൻ ബ്രഹ്മമാണ്, പരിശുദ്ധാത്മാവാണെന്ന് സ്വയം തിരിച്ചറിഞ്ഞു സംതൃപ്തിയും, ശക്തിയും, സുസ്ഥിരതയും പ്രാപിക്കുന്നു. മനസ്സിന്റെ നിശ്ചലത സ്വർഗ്ഗീയാനുഭൂതികൾ നൽകുന്നു. മഹാബോധം, ശുദ്ധബോധം, സത്യമായ ബോധത്തിൽ ജീവിതം സ്വർഗ്ഗതുല്യമാകുന്നു. മനസ്സിന്റെ ചഞ്ചലത നരകതുല്യമായ അവസ്ഥയും തെറ്റായ അവബോധവും സൃഷ്ടിക്കുന്നു. സാധാരണ മനുഷ്യന്റെ മനസ്സ് ഒന്നിലും, ഒരിക്കലും ഉറച്ചു നിൽക്കില്ല. പല മരച്ചില്ലകളിലേക്കു ചാഞ്ചാടി നടക്കുന്ന ഒരിക്കലും എങ്ങും ഇരിപ്പുറപ്പിക്കാത്ത കുരങ്ങൻമാരെപ്പോലെ പല ചിന്തകളിലേക്ക്, വികാര വിചാരങ്ങളിലേക്ക് ചാഞ്ചാടി നടക്കും.

“ആത്മനാ വിന്ദതേ വീര്യം”

ആത്മാവു കൊണ്ട് വീര്യം/ബലം നേടുന്നു. ആത്മാവ് എന്ന ഗുരുവിന്റെ കടാക്ഷം ഉണ്ടെങ്കിലെ മനസ്സ് നിശ്ചലമായി വിശ്രമിച്ച് തുരിയാവസ്ഥ/നിർവാണം/ സമാധി നേടൂ. മനസ്സിന്റെ ചാഞ്ചാല്യം നാനാത്വമാണ്. മനസ്സിന്റെ നിശ്ചലത ഏകത്വമാണ്. Unity in diversity എന്ന ബോധോർജ്ജത്തിൽ/ ആത്മ ബലത്തിൽ ചിതറിത്തെറിച്ച ചിന്തകൾ ഒരു കേന്ദ്ര ബിന്ദുവിൽ ഐക്യഭാവം പ്രാപിച്ച് എല്ലാ അസ്വസ്ഥതകളും (confusions) അകറ്റുന്നു. crystal clear ആവുന്നു, സത്യം തിരിച്ചറിയുന്നു. മനസ്സിന്റെ അമിത പ്രവർത്തനങ്ങൾ (ചിന്തകളുടെ ആധിക്യം) അസ്വസ്ഥതകളും രോഗങ്ങളും ഉളവാക്കുന്നു. മനസ്സിന്റെ നിശ്ചലത / നിരോധം സ്വസ്ഥതയും ആരോഗ്യവും ക്ഷേമവും നൽകുന്നു. നിശ്ചലത മാറ്റമില്ലായ്മയാണ്. സമാധി അവസ്ഥയിൽ ഹൃദയമിടിപ്പ്, ശ്വാസോച്ഛ്വാസം, രക്തസമ്മർദ്ധം etc വളരെ കുറവായിരിക്കും. “cosmic mind” എന്ന അവസ്ഥയിലെത്തിച്ചേരുമ്പോൾ പ്രപഞ്ചത്തിലെ, പ്രകൃതിയിലെ സർവ്വ വിഷയങ്ങളെക്കുറിച്ചും നല്ല അറിവുകൾ നേടുന്നു.

സമാധിയുടെ ആഴങ്ങളിലേക്കുള്ള യാത്രയെ ചിന്തകളും, ആഗ്രഹങ്ങളും, അഹം (Ego) etc യും തടയുന്നു. ഇതു നിയന്ത്രിക്കുകയോ ഒഴിവാക്കുകയോ ചെയ്യാൻ കഴിഞ്ഞാൽ, സാധാരണക്കാർക്കും സമാധി എന്ന സുന്ദരമായ അനുഭൂതി സ്വന്തമാക്കാം. അമിത ചിന്തകൾ Ego-യിൽ നിന്നുണ്ടാകുന്നു. Ego അഥവാ അമിത

ചിന്തകൾ വളരെ അപകടകരമായ ഒരു addiction തന്നെയാണ്. നിങ്ങളെക്കാൾ ഉയർന്ന നിലവാരത്തിലുള്ളവരുമായി സ്വയംതാരതമ്യം ചെയ്ത് അപകർഷതാ ബോധത്തിന്റെയും, ഭയത്തിന്റെയും പരിമിതമായ ചട്ടക്കൂടുകൾക്കുള്ളിൽ (Limiting belief) കഴിവു കെട്ടവരായി, ശക്തി ക്ഷയിച്ചവരായി കഴിയുന്നതിനു കാരണം അമിത ചിന്തകളും, frustrations, നിരാശ etc ആണ്. മനസ്സിൽ നടക്കുന്ന നിരന്തരമായ Comparison, competition, ഭൂതകാല ചിന്തകൾ, ഭാവി ചിന്തകൾ, അമിത ചിന്തകൾ നിങ്ങളെ എങ്ങുമെത്തിക്കില്ല. ലക്ഷ്യമില്ലാതെ ചിന്തകളിലൂടെ, ജീവിക്കാൻ കഴിയാതെ അലഞ്ഞു തിരിയേണ്ടതായി വരും. എന്തോ ആയിത്തീരാനുള്ള യാന്ത്രികമായ വ്യഗ്രതയിലാണ് മനുഷ്യൻ. ഒരുപാട് ചിന്തകളുമായി എങ്ങുമെത്താതെ കഴിയുന്നവരിൽ Ego ഉണ്ട്. ആളുകളുടെ മുമ്പിൽ വലിയവനെന്നു ഭാവിക്കുവാൻ എങ്ങുമെത്താതെ പുതിയ Trend കൾക്ക് പുറമെ ഓടിത്തളരുകയാണ് മനുഷ്യൻ. സമൂഹത്തിന്റെ മുമ്പിൽ മറ്റുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ സ്വന്തം വില കുറഞ്ഞുപോകുമോ എന്ന ഭയം ഉത്കണ്ഠ, ടെൻഷൻ, പരാതികൾ, പരിഭവങ്ങൾ, ദുഃഖങ്ങൾ, രോഗങ്ങൾ സൃഷ്ടിക്കുന്നു. നമ്മുടെ ആഗ്രഹങ്ങൾക്കും, ദുഃഖങ്ങൾക്കും കാരണം ബാഹ്യ പ്രപഞ്ചവുമായി 'അഹങ്കാര'ത്തെ (Ego) തിരിച്ചറിയുന്നതാണ്. ആഗ്രഹങ്ങൾ ദുഃഖങ്ങൾ ഉണ്ടാക്കുന്നു. ഒന്നും വേണ്ടാത്തവനെ ആർക്കും തോൽപ്പിക്കാനാവില്ല. മോഹിക്കാത്തവനാണ് ധീരൻ/ അജയ്യൻ. മോഹങ്ങൾ ചിന്തകളെ പ്രതികൂലമായി ബാധിച്ച് ശാരീരികവും മാനസികവുമായ ക്ഷയങ്ങൾ, തളർച്ചകൾ, രോഗങ്ങൾ സൃഷ്ടിക്കുന്നു. ശരീരത്തിൽ, ജീവിച്ചുകൊണ്ടുതന്നെ മോഹങ്ങളിൽ നിന്നും, ദുഃഖങ്ങളിൽനിന്നും മമതകളിൽനിന്നും ചിന്തകളിൽനിന്നും Ego-യിൽ നിന്നും മുക്തി പ്രാപിച്ചു വിജയം കൈവരിക്കുന്നതിന് നിർവാണം എന്നു പറയുന്നു. ആഗ്രഹങ്ങൾ ഉയർന്ന നിലയിൽ എത്തിയ നിങ്ങളുടെ പ്രതിരൂപം മനസ്സിൽ സൃഷ്ടിപ്പിച്ചുറപ്പിക്കുന്നു. എന്നിട്ട് അതനുസരിച്ചൊരു അവസ്ഥ സൃഷ്ടിക്കുവാൻ കഴിയാതെ വരുമ്പോൾ നിരാശയും ദുഃഖവും. ഇല്ലായ്മകൾ ഉൾക്കൊള്ളാനാവാത്ത അവസ്ഥയിൽ വിഷാദം ആത്മഹത്യാ ശ്രമം. അഹങ്കാരമുക്തവും ലളിതവുമായ മനസ്സ്, ജീവിതം സുന്ദരവും സമൃദ്ധവും സമ്പന്നവുമാക്കും. അത് പൂർണ്ണ ആനന്ദവും സംതൃപ്തിയും നൽകുന്നു. ഭൂതകാലത്ത് (Past) കഴിഞ്ഞുപോയ നിങ്ങളുമായി, ഇപ്പോഴുള്ള നിങ്ങളെ (Present) താരതമ്യം ചെയ്യരുത്. കഴിഞ്ഞ കാലത്തിലെ നിങ്ങളുടെ വിജയവും, നേട്ടവും, നന്മയും ഇപ്പോഴുള്ള നിങ്ങളുടെ അവസ്ഥയുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ നിരാശയുടെയും വിഷാദത്തിന്റെയും ചിന്തകൾ, താരതമ്യം ചെയ്ത് വിലപിക്കുന്ന അവസ്ഥ, ഒരു മാറ്റം അംഗീകരിക്കാനാവാതെ അസന്തുലനാവസ്ഥയിൽ തളരരുത്. നിങ്ങളുടെ പഴയകാല പരാജയവും, ദോഷവും ഇപ്പോഴുള്ള നിങ്ങളുമായി താരതമ്യം ചെയ്ത് ജീവിതം പാഴാക്കരുത്. നിങ്ങൾ ഈ നിമിഷമാണ്. പഴയ നിങ്ങളിലെ ബലഹീനതയാണ് ഈ നിമിഷത്തിലും നിങ്ങൾ എന്ന 'പരാജയ ബോധം', Limiting belief, ego 'mind set' കളയുക.

'Every moment is a fresh beginning.

നിങ്ങൾ കാലത്തിനുമപ്പുറത്താണ്. നിങ്ങൾ കഴിഞ്ഞ കാലമോ, വരും കാലമോ അല്ല. നിങ്ങൾ എന്നത് ഇപ്പോൾ, ഈ നിമിഷമാണ്. ഈ നിമിഷത്തിൽ ജീവിക്കു, ജീവിതം അർത്ഥപൂർണ്ണമാക്കു. Eckhart tolle യുടെ 'The power of now', 'ഈ നിമിഷത്തിൽ ജീവിക്കൂ' എന്ന പുസ്തകം വായിക്കണം. വർത്തമാന കാലത്തിൽ (Present moment) ചെയ്തു കൊണ്ടിരിക്കുന്ന എല്ലാ കാര്യങ്ങളിലും പരമാവധി ശ്രദ്ധ ചെലുത്തുക, Maximum Conscious ആവുക. Senses - ൽ നിലനിൽക്കുക. യാഥാർത്ഥ്യ ബോധത്തോടെ, ഇന്ന് ഈ നിമിഷത്തിലെ സൗന്ദര്യത്തിന്റ ബലത്തിൽ ആശ്രയിക്കുക. ചിന്തകളൊഴിഞ്ഞ ശൂന്യമായ മനസ്സിന് ഓരോ നിമിഷവും സ്വർഗ്ഗ തുല്യമായിരിക്കും. Present moment-ൽ ജീവിക്കുന്ന വ്യക്തിക്ക് എപ്പോഴും കൊച്ചു കുട്ടികളെപോലെ പുഞ്ചിരിക്കുവാനേ കഴിയൂ. അവരുടെ ഓരോ നീക്കങ്ങളും ഉയർച്ചയിലേക്കും, വിജയത്തിലേക്കുമായിരിക്കും.

ശരീരം വിശ്രമിക്കുമ്പോഴും മനസ്സ് അസ്വസ്ഥവും, അമിത ചിന്തകളാൽ, മനസ്സ് അമിതമായി പ്രവർത്തന നിരതവുമാണെങ്കിൽ അതു യഥാർത്ഥ വിശ്രമമല്ല. ഈ അവസ്ഥയിലുള്ള ഉറക്കംപോലും പ്രയോജനകരമാവുകയില്ല. കലുഷിതമായ മനസ്സിന്റെ നിദ്ര ആരോഗ്യം നൽകില്ല.

ആരോഗ്യത്തിന് മനസിന്റെ വിശ്രമവും, (Relaxation) ആഴത്തിലുള്ള ആത്മാവിനെ സ്പർശിക്കുന്ന, സമാധി തുല്യമായ ഗാഢനിദ്രയും ആവശ്യമാണ്. സ്വാമി സത്യാനന്ദ സരസ്വതിയുടെ 'യോഗ നിദ്ര' എന്ന പുസ്തകം വായിച്ചിരിക്കുന്നത് നന്നായിരിക്കും. യന്ത്രമായാലും, മനുഷ്യനായാലും, കൃത്യമായ ഇടവേളകളിൽ വിശ്രമിക്കുന്നതേ ദീർഘ കാലം ആരോഗ്യത്തോടെ (with Quality) നിലനിൽക്കുകയുള്ളു. അതുകൊണ്ട് ശാരീരികവും മാനസികവുമായ ആരോഗ്യത്തിനുവേണ്ടി എന്തൊക്കെ ചെയ്താലും ആത്മീക ആരോഗ്യത്തെകൂടെ ബലപ്പെടുത്തിയാലെ നമുക്ക് യഥാർത്ഥ വിശ്രമവും ആരോഗ്യ പൂർണ്ണമായ ജീവിതവും ലഭിക്കുകയുള്ളു. ശരീരത്തിനും മനസ്സിനും പരിധിയുണ്ട്. ആത്മാവുണർന്ന് ആരോഗ്യത്തിൽ ബലപ്പെട്ടാൽ മാത്രമെ യഥാർത്ഥ ആരോഗ്യം, ജീവന്റെ ബലം ലഭിക്കുകയുള്ളു. ആത്മാവിന്റെ ആരോഗ്യത്തിനും ശക്തിക്കും വേണ്ടിയുള്ളത് കണ്ടെത്തി ചെയ്യുക. അതു ശരീരത്തെയും മനസ്സിനെയും കൂടുതൽ ദൃഢപ്പെടുത്തി ആരോഗ്യവും കുളിർമ്മയും ഉള്ളതാക്കും. അഷ്ടാംഗയോഗയും, സമാധിയുടെ സമ്പൂർണ്ണതയും ആത്മ ശരീര മനസ്സുകൾക്ക് സമ്പൂർണ്ണ ആരോഗ്യം നൽകുന്നു. ജീവിതം അർത്ഥപൂർണ്ണമാക്കുന്നു. ജന്മനിയോഗം സമ്പൂർണ്ണമാക്കുന്നു. ബൈബിളിൽ പലയിടത്തായി അഷ്ടാംഗ യോഗയെക്കുറിച്ച് പലതരത്തിൽ പറഞ്ഞിട്ടുണ്ട്. യോഹന്നാൻ 17:21-ൽ പിതാവും പുത്രനും മനുഷ്യരും ഒന്നായിത്തീരേണ്ടതിന്റെ അവസ്ഥയുടെ ഒരു പ്രാർത്ഥന 'യേശു തമ്പുരാൻ' പറയുന്നു. "നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ, അവരും നമ്മിൽ ഒന്നാകേണ്ടതിനു തന്നെ".

സ്രഷ്ടാവും, സൃഷ്ടി പ്രപഞ്ചവും ഒന്നായിത്തീരുന്ന, പരിശുദ്ധാത്മാവ് ഉള്ളിൽ ഉണർന്ന് നിറഞ്ഞു കവിഞ്ഞ് സമ്പൂർണ്ണതയിലെത്തുന്ന, മാനുഷികത ദൈവീകതയുടെ 'ബോധ നിലവാരത്തിലെത്തുന്ന, അദ്വൈതം, തത്ത്വമസി എന്ന പരമ പുണ്യം മനസ്സാകുന്ന (Universal oneness of mind) ജീവാത്മാവ് പരമാത്മാവിലൊന്നാകുന്ന, അത്യുന്നത ബോധ നിലവാരമെന്ന 'സമാധി അവസ്ഥ' നമുക്കെല്ലാവർക്കും സ്വന്തമാക്കാം. യേശുവിനൊപ്പം മനസ്സിന്റെ 'മറുരൂപമലയിൽ' നമുക്ക് പരിശുദ്ധാത്മാവിനാൽ മറുരൂപപ്പെട്ട്, മൺമയമായത് വിൺമയമാക്കി 'പുതിയ ആകാശം, പുതിയ ഭൂമി' പുതിയ ലോകം എന്ന സ്വപ്നം സാക്ഷാത്കരിക്കാം.

# വായിച്ചു വളരുക

**ഏബ്രഹാം കല്ലിശ്ശേരി**

എനിക്ക് ജീവിതത്തിൽ വേണ്ട മൂന്നു സാധനങ്ങൾ - 'പുസ്തകങ്ങൾ, പുസ്തകങ്ങൾ, പുസ്തകങ്ങൾ'.

വിശ്വസാഹിത്യകാരനായ ടോൾസ്റ്റോയിയുടെ വാക്കുകളാണിത്. ബുദ്ധിയുടെയും മനസ്സിന്റെയും വളർച്ചയ്ക്ക് വളമാകുന്നതാണ് വായന. വായന നമ്മുടെ അറിവിന്റെ അതിരുകളെ തകർത്ത് വിസ്മയങ്ങളുടെ ലോകത്തേയ്ക്ക് പറന്നുയരാൻ ഭാവനയ്ക്ക് ചിറകുകൾ നൽകുന്നു. പല രാജ്യങ്ങളിലൂടെയും ജനങ്ങളിലൂടെയും അവരുടെ സംസ്കാരവും ജീവിതരീതിയും വായനയിലൂടെ സഞ്ചരിച്ച് ലോകത്തിന്റെ ഏതു കോണിലിരുന്നുകൊണ്ടും മനസ്സിലാക്കാൻ നമുക്കു സാധിക്കുന്നു.

പുസ്തകങ്ങൾ മാത്രമല്ല വായിക്കാനുള്ളത്. ചുറ്റുപാടുകളെ വായിക്കാം. പ്രകൃതിയെ വായിക്കാം. അതുപോലെ മനുഷ്യരെയും വായിക്കാം. അതിനുള്ള മനസ്സ് വേണമെന്നു മാത്രം. വായനാശീലം ചെറുപ്പത്തിൽ തന്നെ വളർത്തിയെടുക്കണം. അല്ലെങ്കിൽ പിന്നെ പരിശീലിച്ചെടുക്കുക ബുദ്ധിമുട്ടാകും. മാതാപിതാക്കളാണ് ഈ ശീലം കുട്ടികൾക്ക് പകർന്നു നൽകേണ്ടത്. പ്രത്യേകിച്ചും അമ്മമാർ. അതിന്റെ ഉത്തമ ഉദാഹരണമാണ് അമേരിക്കയുടെ 16-ാമത്തെ പ്രസിഡണ്ടായിരുന്ന ഏബ്രഹാം ലിങ്കൺ. ബൈബിൾ വായിക്കാനാണ് അദ്ദേഹത്തിന്റെ അമ്മ നാൻസി ആദ്യം പഠിപ്പിച്ചത്. കത്തിക്കൊനൊരു മെഴുകുതിരിപോലുമില്ലാതിരുന്ന മരക്കുടിലിൽ വിറകുകത്തിച്ച വെളിച്ചത്തിലിരുന്നാണ് ലിങ്കൺ വായിച്ചു തുടങ്ങിയത്. അതുകൊണ്ടായിരിക്കണം ലിങ്കൺ പറഞ്ഞത് ഞാൻ വായിച്ചതിൽ ഏറ്റവും വലിയ പുസ്തകം എന്റെ അമ്മയാണ്.



അതുപോലെ തന്നെ ഇന്ന് ലോകത്തേറ്റവുമധികം വായിക്കപ്പെടുന്ന ബൈബിളിന്റെ പ്രചാരണത്തിനു പിന്നിലും ഒരു കൊച്ചു പെൺകുട്ടിയുടെ വിയർപ്പിന്റെ ഗന്ധം അലിഞ്ഞു ചേർന്നിട്ടുണ്ട്. കുഞ്ഞുന്നാളിലേ വായന ശീലമാക്കിയ വെയിൻ സിലെ മേരി ജോൺസ് എന്ന പെൺകുട്ടിയാണ് അതിന് കാരണഭൂതയായത്. അവൾ നട്ട ഒരു ചെറിയ വിത്താണ് ഇന്ന് ലോകമാകെ പടർന്നു പന്തലിച്ചുനിൽക്കുന്ന ബൈബിൾ സൊസൈറ്റി എന്ന വടവൃക്ഷം.

വായനയെപ്പറ്റി പറയുമ്പോൾ മലയാളിക്ക് മറക്കാനാവാത്ത ഒരു പേരുണ്ട്. പി.എൻ.പണിക്കർ. മലയാളിയെ വായനയുടെ സംസ്ക്കാരം പഠിപ്പിച്ച ആ ഗുരുനാഥന്റെ ചരമദിനമായ ജൂൺ 19 നമ്മൾ വായനാ ദിനമായി ആചരിക്കുന്നു. 1909 ൽ നീലംപേരൂരിലാണ് പണിക്കർ ജനിച്ചത്. കൂട്ടുകാരുമായി ചേർന്ന് വീടുകൾ കയറിയിറങ്ങി പുസ്കങ്ങൾ ശേഖരിച്ച് 17-ാം വയസ്സിൽ നാട്ടിലൊരു വായനശാലയുണ്ടാക്കി. "സനാതന ധർമ്മം വായനശാല" എന്നായിരുന്നു അതിന്റെ പേര്. അതു വിജയിച്ചതോടെ ഇത്തരം വായനശാലകൾ രൂപപ്പെടുത്താൻ അദ്ദേഹം നേതൃത്വം കൊടുത്തു. 47 ഗ്രന്ഥശാലകളെ കൂട്ടിയിണക്കി തിരുവിതാംകൂർ ഗ്രന്ഥശാലാ സംഘത്തിന് രൂപം നൽകി. നാടുമുഴുവൻ യാത്രചെയ്ത് നിലവിലുള്ളവയുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും പുതിയവ ആരംഭിക്കുന്നതിനും പ്രേരണ നൽകി. 'വായിച്ചു വളരുക' എന്ന മുദ്രാവാക്യം കേരളമാകെ പ്രചരിപ്പിച്ചു. ഗ്രന്ഥശാലകളെ കൂട്ടിയിണക്കി കേരള ഗ്രന്ഥശാലാ സംഘത്തിന് രൂപം നൽകി. 1977 - ൽ കേരള അനൗപചാരിക വിദ്യാഭ്യാസ സമിതി (കാൻഫെഡ്) രൂപീകൃതമായി. 32 വർഷം കേരള ഗ്രന്ഥശാലാ സംഘത്തിന്റെ അമരക്കാരനായിരുന്ന പി.എൻ.പണിക്കർ 1995 ജൂൺ 19 ന് അന്തരിച്ചു.

'പറയാതെ പറയുക' എന്നൊരു പ്രയോഗം നമ്മുടെയിടയിലുണ്ട്. അതുപോലെ 'വായിക്കാതെ വായിച്ച' ഒരാൾ നമ്മുടെ രാജ്യത്തുണ്ടായിരുന്നു. അദ്ദേഹമാണ് മുഗൾ സാമ്രാജ്യത്തിലെ മഹാനായ ചക്രവർത്തി 'അക്ബർ ദി ഗ്രേറ്റ്'. അദ്ദേഹത്തിന് എഴുത്തും വായനയും അറിയില്ലായിരുന്നു. എന്നിട്ടും അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരത്തിൽ മുപ്പതിനായിരം പുസ്തകങ്ങൾ ഉണ്ടായിരുന്നു. അതിൽ നിന്നും വായിച്ചു കേട്ടാണ് അക്ബർ 49 വർഷം സമർത്ഥമായി രാജ്യം ഭരിച്ചത്.

വായന കൊണ്ട് ജീവിതം മാറ്റി മറിച്ച അനേകം മഹാരഥന്മാർ നമ്മുടെ മുമ്പിലുണ്ട്. അതിൽ ഒരു കായിക പ്രതിഭയുടെ കഥ പറയാം. 'മൈക്കൽ ഫെൽപ്സ്' എന്ന നീന്തൽ താരം. റിയോ ഒളിംപിക്സ് കഴിഞ്ഞപ്പോൾ 23 സ്വർണ്ണമടക്കം 28 മെഡലുകൾ നേടി. 2012 ലെ ലണ്ടൻ ഒളിംപിക്സിനു ശേഷം വിരമിച്ചു. തുടർന്ന് ജീവിതത്തിന് ലക്ഷ്യമില്ലെന്ന തോന്നൽ. മദ്യപിച്ച് കാറോടിച്ചതിന് അറസ്റ്റിലായി. അതോടെ ആ ചെറുപ്പക്കാരൻ വലിയ ഡിപ്രഷന് അടിമയായി. ഊണില്ല, ഉറക്കമില്ല, ജീവിതം വഴിമുട്ടി നിന്നു. അപ്പോൾ സുഹൃത്തായ 'റേ ലൂയിസ്' സഹായത്തിനെത്തി - നീ തളരരുത്. നീ ഈ പുസ്തകം വായിക്കണം എന്നു പറഞ്ഞ് 'റിക്വാറൻ' എഴുതിയ ദി പർപ്പസ് ഡ്രിവൺ ലൈഫ് എന്ന പുസ്തകം കൊടുത്തു. ആത്മഹത്യയുട വക്കിലെത്തിയ ഫെൽപ്സ് പുസ്തകം വായിച്ചിട്ടു പറഞ്ഞു: ഈ പുസ്തകം വിസ്മയകരം. എന്റെ ബുദ്ധി നേരെയായി. നീയെന്റെ ജീവിതം രക്ഷി

ച്ചു. എങ്ങനെ ഞാൻ നന്ദി പറയും.

ആ പുസ്തകം വായിച്ചതോടെ ഫെൽപ് സിന്റെ ജീവിതം മാറി മറിഞ്ഞു. 20 വർഷമായി പിരിഞ്ഞിരുന്ന അച്ഛൻ തിരികെ വന്നു. ജീവിതത്തിനാകെ സന്തോഷവും പ്രത്യാശയും. പിന്നീടുള്ളത് ചരിത്രം. വായന വരുത്തിയ മാറ്റങ്ങൾ.

ബ്രിട്ടീഷ് കഥാവിമർശകൻ ജോൺ റസ്കിന്റെ 'അൺ ടു ദിസ് ലാസ്റ്റ്' എന്ന പുസ്തകം തന്റെ ജീവിത വീക്ഷണത്തെ മാറ്റിയെന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്.

പഠിക്കാൻ മോശവും വികൃതിയുമായിരുന്ന 'നീൽ' എന്ന കറുത്ത വർഗ്ഗക്കാരനെ വായനയിലൂടെ മാറ്റിയെടുത്ത ഗ്രാഡി ടീച്ചറിന്റെ കഥ ലോകപ്രസിദ്ധമാണല്ലോ. ജീവിതത്തിൽ ഒന്നുമല്ലാതായി, ഒരു പക്ഷെ സമൂഹത്തിനു തന്നെ ബാധ്യതയായിത്തീരേണ്ടിയിരുന്ന നീലിനെ ഉയരങ്ങളിലെത്താൻ സഹായിച്ചത് ഒരു ടീച്ചറുടെ സ്നേഹവും വായനയുടെ ഫലവുമാണ്.

വായനയോടുള്ള താല്പര്യംകൊണ്ട് നെപ്പോളിയൻ ചക്രവർത്തി പറഞ്ഞത് ശ്രദ്ധിച്ചു വായിക്കാം:-

"ഞാനൊരു സാമ്രാജ്യാധിപൻ ആയിരുന്നില്ലെങ്കിൽ ഗ്രന്ഥശാലാ സൂക്ഷിപ്പുകാരനാവുമായിരുന്നു".

ഭാരതീയർ പുരാതനകാലം മുതലേ വായനയിൽ തല്പരരായിരുന്നു. അതിനുള്ള തെളിവാണ് നളന്ദ, തക്ഷശില, വിക്രംശില തുടങ്ങിയ ഭാരതിയ സർവ്വകലാശാലകളിലെ ലോക പ്രശസ്തമായ ലൈബ്രറികൾ. ഇന്ന് ഇൻഡ്യയുടെ ദേശീയ ലൈബ്രറി എന്നറിയപ്പെടുന്നത് 1836 ൽ സ്ഥാപിതമായ കൊൽക്കത്ത നാഷണൽ ലൈബ്രറിയാണ്. കേരളത്തിലെ ആദ്യഗ്രന്ഥാലയം-ട്രാവൻകൂർ പബ്ലിക്ക് ലൈബ്രറി 1829 ൽ സ്ഥാപിതമായി.

ഇനി ക്നാനായക്കാരുടെ വായനയെപ്പറ്റി പറയാം. മാമോദീസ മുതൽ ശവസംസ്ക്കാരം വരെ ആഘോഷമാക്കി മാറ്റുന്ന ക്നാനായക്കാർ വായനയുടെ കാര്യത്തിൽ പിശുക്കന്മാരാണ്. വേദപുസ്തകവും പാഠപുസ്തകവുമല്ലാതെ മറ്റൊന്നും വായിക്കരുതെന്ന് നിർബന്ധ ബുദ്ധിയുള്ള ഒരു വല്യമ്മച്ചിയുടെ കൊച്ചുമോനായിട്ടാണ് ഈ ലേഖകൻ ജനിച്ചത്. എന്നിട്ടും അക്ഷരങ്ങളെ സ്നേഹിച്ചു. പള്ളിപെരുന്നാളിനും ക്രിസ്തുമസിനുമൊക്കെ കിട്ടുന്ന ചില്ലറകൾ സ്വരൂക്കൂട്ടി പുസ്തകങ്ങൾ വാങ്ങി. രാത്രി എല്ലാവരും ഉറക്കമാകുമ്പോൾ തിണ്ണയിലെ പത്താംപുറത്ത് കിടക്കുന്ന ഞാൻ മണ്ണെണ്ണ വിളക്ക് കത്തിച്ച് വായിക്കുമായിരുന്നു. ഒരിക്കൽ കള്ളത്തരം കണ്ടുപിടിച്ച വല്യമ്മച്ചി വിളക്ക് ഊതിക്കെടുത്തി പുസ്തകം വലിച്ചൊരേറ്.

നിന്റെയൊരു വായന. ഞാൻ കുഞ്ഞുണ്ണിമാഷുടെ കവിത പറഞ്ഞു

"വായിച്ചാലും വായിച്ചില്ലെങ്കിലും വളരും

വായിച്ചില്ലെങ്കിൽ വളയും

വായിച്ചാൽ വിളയും"

"- നീ അങ്ങനങ്ങു വിളയണ്ടെടാ" അതായിരുന്നു വല്യമ്മച്ചിയുടെ പ്രതികരണം.

ഇന്നത്തെ ന്യൂജെൻ മാതാപിതാക്കളോടൊരു വാക്ക്: നിങ്ങളുടെ മക്കൾക്ക് വിലകൂടിയ സ്മാർട്ടുഫോൺ വാങ്ങി കൊടുക്കുമ്പോൾ കൂട്ടത്തിലൊരു പുസ്തകം കൂടി വാങ്ങി കൊടുക്കുക. നമ്മുടെ കുട്ടികൾ വായിച്ചു വളരട്ടെ.

## Nazareth Asramam

Othera, Thiruvalla

0469-2656416, 2657347

Donations received during the period of 01-09-2020 - 22-09-2020

| | |
|---|---|
| Jeby Jose, Pullanthara, Sharja | 10000/- |
| Divine Rubber Products, Eara | 10000/- |
| Thankamma Mathew, Chandanapallil, Othera | 2000/- |

**Fr. Mathew Uthuppan**

Secretary/Director

**കവിത**

# രണഭൂമി

**ബിജു ഇ.പി., ഇളമ്പള്ളിൽ**

"അപരിചിതമല്ല നമുക്ക് ഇന്നു കാർഗിൽ- പിന്നെയോ
ദിനം ഒരു നേരം ഓർക്കും ഇന്നു നാം കാർഗിൽ
അണയാത്ത നെടുവീർപ്പിൻ കിരണങ്ങൾ പുണരും
രണഭൂമിയിൽ പൊരുതിയൊരു ധീരരാം യോദ്ധാക്കളെ

വിട്ടുപിരിഞ്ഞു മക്കൾ തൻ മാതാപിതാക്കളെ
വേർപിരിഞ്ഞു പതി തൻ പത്നിയിൽ നിന്നും
വിരഹമായ് പിതാവ് തൻ മക്കൾക്കും
വേർപെട്ടു സഹോദരൻ തൻ സഹോദരങ്ങൾക്കും

ഇന്നിതാ നാമറിയുന്നു അതിർത്തിയിൽ
ഇനിയും ശമിക്കാത്ത വെടിയൊച്ചകൾ
ആരും അറിയാതെ പോകരുതേ ആ ചുടുനൊമ്പരങ്ങൾ
അശ്രുതരാം നമ്മുടെ ധീരജവാന്മാരുടെ

ദീനരോദനം കേൾക്കുന്നില്ലയോ നമ്മുടെ
ധീര യുവാക്കളാം യോദ്ധാക്കളുടെ
ദിനം ഒരു നേരം ദീനദയയാൽ ധ്യാനിക്കണം
ദിനവും നിരതരായി പൊരുതുന്ന യോദ്ധാക്കളെ

ചൊരിയുന്നില്ല നാം നിണമെങ്കിലും
ചൊരിയുക ദേശസ്നേഹം നമ്മുടെ നിനവിൽ
മനമുണരണം ഇനിയും രണഭൂമി എന്നു കേട്ടാൽ
മനമുരുകണം പ്രാർത്ഥനയിൽ ജവാന്മാർക്കായി




ഫാ. റോയി മാത്യൂസ് കോർ – എപ്പിസ്ക്കോപ്പ, മുളമൂട്ടിൽ

***"എന്റെ പ്രതിയോഗിക്കെതിരെ എനിക്കു നീതി നിർവ്വ ഹിച്ചു തരേണമേ" (ലൂക്കോസ് 18:3)***

അടിമകൾ, കുഷ്ഠരോഗികൾ, എയ്ഡ്സ് ഇവ ബാധിച്ച രോഗികളെ സമൂഹത്തിൽനിന്നും പുറത്തു മാറ്റി നിർത്തുന്ന ഒരു പ്രവണത ഇന്നു കാണുന്നു. ഇത്തരം വ്യവസ്ഥിതികളെ നശിപ്പിക്കുന്നതിനുവേണ്ടി ക്രിസ്ത്യാനികൾ ശ്രമിക്കേണ്ടതാണ്. അവകാശങ്ങൾക്കുവേണ്ടിയുള്ള അവരുടെ ശബ്ദം ദുർബലമാണ്. അവർക്കു സ്നേഹം പകർന്നു കൊടുക്കുവാൻ സാധിക്കണം. യേശുവിന്റെ അടിസ്ഥാനപരമായ രക്ഷാകര പ്രവർത്തി എന്നത് വിമോചനത്തിന്റെതായിരുന്നു. അതു ജനങ്ങളെ സ്വതന്ത്രരാക്കി അവരുടെ ലക്ഷ്യവും ഭാവിയും രൂപപ്പെടുത്തുവാൻ അവരെ ശക്തരാക്കുന്നതായിരുന്നു. ആ യഹൂദ യുവാവ് നസ്രത്തിലെ പള്ളിയിൽ ശാബത്തിൽ ചെന്നു. അവൻ വായിപ്പാൻ എഴുന്നേറ്റു നിന്നു. യശയ്യാവിന്റെ പുസ്തകം അവനു കൊടുത്തു. ലൂക്കോ. 4:16–21.

ക്രിസ്തു എന്തിനുവേണ്ടി അഭിഷേകം ചെയ്യപ്പെട്ടു എന്നു പള്ളിയിൽ വെളിപ്പെടുത്തി. അവന്റെ നയ പ്രഖ്യാപനമായിരുന്നു. ദൈവാത്മാവിനാൽ പൂരിതനും അഭിഷിക്തനുമായ യേശുവിനെ മാനവരാശിയുടെ വിമോചകനായിട്ടാണിതിൽ അവതരിപ്പിച്ചിരിക്കുന്നത്.

1. രോഗം, മരണം തുടങ്ങിയവയിൽനിന്നും
2. ദാരിദ്ര്യം, പീഢനം, തടവ് തുടങ്ങിയ മനുഷ്യത്വത്തെ ചവിട്ടിയെറിയുന്ന അവസ്ഥയിൽ
3. മനുഷ്യർക്കു നഷ്ടപ്പെട്ടുപോയ മനുഷ്യാവകാശങ്ങൾ വീണ്ടെടുക്കുന്ന പ്രസാദ വർഷം വിളംബരം ചെയ്യുകയാണ് തന്റെ ലക്ഷ്യം.

കർത്താവ് ആവശ്യപ്പെടുന്നത് എല്ലാ ആധിപത്യവും, മർദ്ദനവും, വിവേചനത്വവും നിർമ്മാർജ്ജനം ചെയ്തു അടിമകളെ തടവിൽനിന്നു വിമോചിപ്പിച്ച് ദരിദ്രരായ തൊഴിലാളി വർഗ്ഗത്തിനും, പുറജാതിക്കാർക്കും താഴ്ന്ന നിലയിലുള്ളവർക്കും സ്ത്രീകൾക്കും എല്ലാ സാമൂഹ്യ അന്തസ്സും അംഗീകാരവും മാത്രമല്ല രാഷ്ട്രത്തിന്റെ സമ്പത്തിലുള്ള പങ്കും ചരിത്രത്തിലുള്ള സ്ഥാനവുമാണ്.

വിപ്ലവാത്മകമായ തന്റെ നിലപാടിലൂടെ മനുഷ്യനും മനുഷ്യനുമിടയ്ക്ക്, മനുഷ്യനും ദൈവത്തിനുമിടയ്ക്ക്, യഹൂദമതം ഉയർത്തിക്കെട്ടിയ ഭിത്തികളെ ക്രിസ്തു തട്ടിത്തകർത്തു മനുഷ്യനെ മോചിപ്പിച്ചു.

ക്രിസ്തു അടിമകളുടെയും, ദരിദ്രരുടെയും, മർദ്ദിതരുടെയും അവഗണിക്കപ്പെട്ടവരുടെയും സ്നേഹിതനായിരുന്നു. അവർ ആ യഹൂദനിൽ ഒരു വിമോചകനെ കണ്ടെത്തി. അവർക്ക് നീതി ലഭിക്കുവാൻ യേശു പോരാടി നിലവിലുള്ള ഉച്ചനീചത്വങ്ങൾക്കും, മതത്തിലെ അന്ധവിശ്വാസങ്ങൾക്കും കപടഭക്തിക്കുമെതിരെ അവൻ വിട്ടുവീഴ്ചയില്ലാത്ത സമരം ആരംഭിച്ചു. അഴിമതിക്കും അനീതിക്കുമെതിരെ അവൻ ഉറക്കെ ശബ്ദിച്ചു.

ദൈവം മനുഷ്യനെ എന്തെല്ലാം കാര്യങ്ങൾക്കായി ലോകത്തിലേയ്ക്ക് അയച്ചിരിക്കുന്നുവോ അതാണ് പ്രേഷിത ദൗത്യം (Mission). പ്രേഷിത ദൗത്യത്തിന്റെ പ്രഥമ പ്രാധാന്യം അർഹിക്കുന്നതാണ് സുവിശേഷവേല. സുവിശേഷത്തെക്കുറിച്ച് (എഫേ.1:13). നിങ്ങളുടെ രക്ഷയുടെ സുവാർത്ത എന്നാണ്. വിശ്വസിക്കുന്ന ഏവർക്കും അത് രക്ഷയ്ക്കായി ദൈവശക്തി ആകുന്നു (റോമ. 1:16). യേശുക്രിസ്തുവിനെ വിശ്വസിക്കുന്നവരെ രക്ഷിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

ക്രിസ്തു വന്നത് ജീവനെ പരിരക്ഷിക്കുവാനല്ല, അതിന്റെ നിറവിലേയ്ക്ക് വികസിപ്പിക്കുവാനാകുന്നു. മനുഷ്യന്റെ പൂർണ്ണതയ്ക്ക് നിത്യജീവൻ എന്ന് അവൻ പേരിട്ടു.

The Healing Church എന്ന പുസ്തകത്തിൽ കുഷ്ഠരോഗ വിദഗ്ദനായ Dr. Stanley G. Browne എഴുതി.

തിരുവചനപ്രകാരം രോഗം ദൈവത്തിന്റെ നല്ല ലോകത്തിലേക്ക് നുഴഞ്ഞുകയറിയ ഒരു വിദേശിയാണെന്നും, സാത്താന്റെ ദുഷിച്ച പ്രവർത്തനങ്ങൾ ഇത് ഉണ്ടാകുന്നു എന്ന് ധരിച്ചിരിക്കുന്നു എന്നതും, സ്വാഭാവിക മർഗ്ഗത്തിലൂടെയും, അത്ഭുത മാർഗ്ഗത്തിലൂടെയും ദൈവം സൗഖ്യം നൽകുന്നു എന്നതും (എല്ലാ രോഗസൗഖ്യവും ദൈവീക സൗഖ്യമാണ്) ദൈവരാജ്യത്തിന്റെ അടയാളമായിരുന്നു.

യേശുക്രിസ്തുവിന്റെ അത്ഭുതരോഗശാന്തി എന്നുള്ളതും, രോഗത്തോടു നീരസവും രോഗികളോട് അനുകമ്പവും യേശു കാണിച്ചു. യേശുവിന്റെ ജീവൻ നമ്മുടെ മർത്ത്യ ശരീരത്തിൽ വെളിപ്പെടണമെന്നും 2.കോരി.4:10 – യേശുവിന്റെ ശക്തി നമ്മുടെ ബലഹീനതയിൽ തികഞ്ഞു വരണമെന്നും സന്തോഷത്തോടെ ഉറപ്പിച്ചു പറയുവാൻ കഴിയണം.

വി. പത്രോസ് ദൈവാലയത്തിനു വെളിയിലെ വാതിൽക്കൽവച്ചു മുടന്തനായ മനുഷ്യനെ സൗഖ്യമാക്കിയശേഷം, ഇവൻ എതൊന്നിനാൽ സൗഖ്യമായി എന്നതിൽ നിന്നും– മറ്റൊരുത്തനിലും രക്ഷ ഇല്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല – എന്ന ദൃഢപ്രതിജ്ഞയിലേക്കു നീങ്ങുന്നു. ആ മനുഷ്യന്റെ രോഗശാന്തി അവന്റെ രക്ഷയുടെ പ്രത്യക്ഷമായ അടയാളം ആയിരുന്നു. അത് അവനിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കി. ഹൃദയത്തിൽ എളിമയും, പരസ്പരബന്ധത്തിൽ സ്നേഹവും പങ്കുവയ്ക്കലും യാഥാർത്ഥ്യമാകുന്ന ഒരുപരിവർത്തനമാണ് ദൈവസ്നേഹം സ്വീകരിക്കുന്ന മനുഷ്യനിൽ ഉണ്ടാവുക. അങ്ങനെ സാന്മാർഗ്ഗികവും, സാമൂഹ്യവും, സാമ്പത്തികവുമായ തലങ്ങളിൽ മാറ്റംവരുത്തുന്ന അനുഭവമാണ് ദൈവത്തിന്റെ രക്ഷ. ഈ രക്ഷ അനുഭവിക്കുവാൻ വിളിക്കപ്പെട്ട വിശ്വാസികളിൽ നിന്നും യേശു പ്രതീക്ഷിക്കുന്നതും ഈ വിധത്തിലുള്ള പരിവർത്തനമാണ്. അത് ഉണ്ടാകുമ്പോഴാണ് രക്ഷ നമ്മിൽ സംഭവിച്ചു എന്നു പറയുവാൻ സാധിക്കു. മനുഷ്യൻ സ്വാഭാവികമായും അഹങ്കാരിയും, സ്വാർത്ഥമതിയും സമ്പത്തിനോട് അമിതപ്രതിപത്തിയും ഉള്ളവനാണല്ലോ. അഹങ്കാരത്തിന്റെ സ്ഥാനത്ത് എളിമയും സ്വാർത്ഥതയുടെ സ്ഥാനത്തു സ്നേഹവും, സാമ്പത്തിക സ്ഥിതിയിൽ അമിത പ്രതിപത്തിയുടെ സ്ഥാനത്ത് പങ്കുവയ്ക്കുന്ന മനോഭാവവും കടന്നുവരുമ്പോൾ രക്ഷാകരമായ പരിവർത്തനം സംഭവിച്ചു എന്നു പറയാം. ഈ പരിവർത്തനം നാം ഓരോരുത്തരിലും ഉണ്ടാകണം. അപ്പോൾ രക്ഷയുടെ സന്തോഷം അനുഭവിക്കുവാൻ സാധിക്കും.

# "താണ നിലത്തെ നീരോടൂ; അവിടെ ദൈവം തുണ ചെയ്യൂ"

സിജോ ജോസ് വിലങ്ങൻപാറ

നമ്മുടെ കർത്താവും രക്ഷകനുമായ ഈശോ മ്ശിഹാ, തന്റെ ജീവിതത്തിൽ കാണിച്ചു തന്നതും പഠിപ്പിച്ചുതന്നതുമായ ഒരു പ്രധാനപ്പെട്ട കാര്യവും, ഇന്നു വ്യക്തികളിലും കുടുംബങ്ങളിലും സമൂഹങ്ങളിലും പ്രസ്ഥാനങ്ങളിലുമെല്ലാം നഷ്ടപ്പെടുന്നതുമായ ഒരു പ്രതിഭാസമാണ് "താഴ്മയും വിനയവും. പലതരത്തിലുള്ള ഈഗോയും കോംപ്ലക്സും വ്യക്തികളേയും, കുടുംബങ്ങളേയും, സമൂഹങ്ങളെയും ഭരിക്കുകയും അവയുടെ തന്നെ വളർച്ചയെ മുരടിപ്പിക്കുകയും നാശത്തിനു കാരണമാവുകയും ചെയ്യുന്നു. ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുവാനോ, മറ്റുള്ളവരെ തുറന്നു കേൾക്കാനോ, മനസ്സിലാക്കാനോ, സംസാരിക്കുവാനോ, ശ്രദ്ധിക്കാതെ അടുത്തുള്ളവർപോലും ഏറെനേരം മൊബൈൽ ഫോൺ, ഫെയിസ് ബുക്ക്, വാട്ട്സ് ആപ്പ് തുടങ്ങിയ നൂതന മാധ്യമങ്ങൾക്കു മുമ്പിൽ ചെലവിടുന്നു. കുടുംബ പ്രാർത്ഥനകളും ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുന്നതും ദിവസേനയുള്ള സന്തോഷകരവും ദുഃഖകരവുമായ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിന്റെയുമൊക്കെ അളവു കുറയുന്നു. തൻമൂലം ആർക്കും ആരേയും മനസ്സിലാകുന്നില്ല. മാനസിക പിരിമുറുക്കങ്ങൾ, ആകുലതകളും, ആശങ്കകളും, മത്സരങ്ങളും, നിരാശയും, താരതമ്യങ്ങളും പെരുകുന്നു. ആരും ആർക്കും പങ്കുവയ്ക്കുന്നില്ല. സ്വയം നന്നാകാൻ ശ്രമിക്കുകയും, വീഴുകയും ചെയ്യുന്നു. പാരമ്പര്യവും, സൗന്ദര്യവും, കുടുംബ മഹിമയും, ധനവും, വിദ്യാഭ്യാസവും, ആൾബലവും, ജോലിയും പ്രതാപവും, സ്ഥാനവും, സ്വാധീനവും, എല്ലാം ദൈവത്തിന്റെ ദാനമാണെന്നു മനസ്സിലാക്കാതെ ജീവിക്കുന്നതു മൂലം സ്വയം വേലികൾ കെട്ടുകയും, തന്മൂലം ദൈവത്തിനുപോലും, വ്യക്തികളിലേക്കും, സമൂഹത്തിലേയ്ക്കും പ്രവേശിക്കുവാൻ സാധിക്കാതെ വളർച്ചയ്ക്കുപകരം തളർച്ചകൾ ഉണ്ടാവുകയും ചെയ്യുന്നു. എളിയവന്റെ സ്വരം കേൾക്കാതെ അവനെ മനസ്സിലാക്കാതെ, അവനെ ഒപ്പം കൂട്ടാതെ മുന്നോട്ടുപോയാൽ എങ്ങനെ വ്യക്തികളുടെയും സമുദായങ്ങളുടെയും ക്രിസ്തീയത പൂർണ്ണമാകും?

സ്വയം താഴ്ത്തി അവനവനെത്തന്നെ ശിശുസഹജമായി വിട്ടുകൊടുക്കാതെ എങ്ങനെ വ്യക്തികളിലും കുടുംബങ്ങളിലും സമൂഹത്തിലും ദൈവത്തിനു ഇടപെടാൻ സാധിക്കും. എല്ലാവരും എപ്പോഴും ചിന്തിക്കുന്നതും, പറയുന്നതും, സ്വയം ചിത്രീകരിക്കുന്നതും അവനവൻ മാത്രമേ ശരിയുള്ളൂ എന്നാണ്. ഈ ചിന്ത മത്സരങ്ങൾക്കും വാശികൾക്കും വ്യവഹാരങ്ങൾക്കും ഇടയാക്കുന്നു. പകരം പ്രാർത്ഥനയോടെ മറ്റുള്ളവരുടെ ശരികൾ മനസ്സിലാക്കാനും ഉള്ള നന്മകൾ പങ്കുവയ്ക്കാനും ശ്രമിച്ചാൽ അതു എത്ര മനോഹരമായിരിക്കും എന്നു ചിന്തിക്കുക.

നമ്മുടെ രക്ഷകനായ യേശുമിശിഹായുടെ ജീവിതവും, വിശുദ്ധ കന്യക മറിയാമിന്റെയും എല്ലാ വിശുദ്ധന്മാരുടെയുമൊക്കെ ജീവിതവും എത്ര എളിമ നിറഞ്ഞതായിരുന്നുവെന്ന് നമുക്ക് അറിയാമല്ലോ. ദൈവം വെറുക്കുന്ന പാപമാണ് അഹങ്കാരമെന്ന് ബൈബിളിലുടനീളം പ്രതിപാദിക്കുകയും ഇതിനടിമപ്പെട്ടവരെല്ലാം നാശത്തെ നേരിട്ടതായും കാണുന്നു. (ദാനി.4, ഗലാ.6:4-5, 1കൊരി.4-6, സദൃ.8:13,11:2,16:5-18, സങ്കീ.10:3-4,59:12).

എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി ദൈവകൃപമൂലം ഉചിതസമയത്തു ഉയർത്തപ്പെടുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താണിരിപ്പീൻ (1 പത്രോസ് 5:5-6). ദൈവത്തിൽ നിന്നു ലഭിച്ചതല്ലാതെന്തുണ്ട് സാധാരണ മനുഷ്യൻ! (1 കൊരി.4:7, റോമർ12:3). ദൈവമല്ലാതെ പരിപൂർണ്ണനായി ആരും ഇല്ലെന്നും ദൈവത്താൽ മാത്രമാണ് എല്ലാം തീരുമാനിക്കപ്പെടുന്നതെന്നും മനസ്സിലാക്കി നമ്മുടെ മിഥ്യാധാരണകൾ മൂലമുണ്ടായിരുന്ന ഈഗോകൾ വെടിഞ്ഞ് പരസ്പരം എല്ലാവരെയും സ്നേഹിച്ചും പങ്കുവെച്ചും ജീവിക്കാൻ ദൈവാത്മാവ് നമ്മുടെ ചിന്തകളെ ശുദ്ധീകരിക്കാനും തിരിച്ചറിവു തരാനും കടന്നുവരേണമേ. തിരുരക്തം കൊണ്ടു ചിന്തകളെ ശുദ്ധീകരിക്കണമെ എന്നു പ്രാർത്ഥിച്ചു വിനയത്തോടെ നമ്മെ മൊത്തമായി ദൈവത്തിനു സമർപ്പിക്കാം.

ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും വലിയവനെന്നും (മത്തായി 18:4, ലൂക്കോസ് 18:9-17), ദൈവത്തിന്റെ കരുണയും ആത്മാവിനാശ്വാസവും അവനു ലഭിക്കുമെന്നും (യാക്കോബ് 4:10, മത്തായി 11:29), ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ ശുശ്രൂഷക്കാരനാകണമെന്നും (മർക്കോസ് 10:43-45, ഫിലിപ്പിയർ 2:5-8) സൗമ്യതയുള്ളവരെ ദൈവം ന്യായത്തിൽ നടത്തുമെന്നും (സങ്കീ. 25:9), താഴ്മയ്ക്കു ധനവും മാനവും ജീവനും ലഭിക്കുമെന്നും (സദൃ. 22:4, 15:33), ദൈവത്തിന്റെ മുമ്പാകെ സ്വയം താഴാൻ മനസ്സുവെയ്ക്കുമ്പോൾ ദൈവം നമ്മുടെ വാക്കുകൾ നേരിട്ട് കേൾക്കുമെന്നും നമ്മുടെ കാര്യങ്ങൾ നടത്തിത്തരുമെന്നും (ദാനിയേൽ 10:12) ദൈവം വിവിധ വചനങ്ങളിലൂടെ നമുക്ക് വാഗ്ദാനം നൽകിയിരിക്കുന്നു. ആയതിനാൽ പ്രിയമുള്ളവരെ ദൈവത്തിന്റെ സമൃദ്ധമായ അനുഗ്രഹങ്ങൾ നമ്മളിലേയ്ക്ക് വാരിച്ചൊരിയപ്പെടുവാൻ (ഫിലി.4:19, ലൂക്കോസ്10:19) തിരുരക്തത്തിന്റെ സംരക്ഷണത്താൽ നിറയപ്പെടുവാൻ പ്രാർത്ഥനയോടെ താഴ്മയോടെ ദൈവത്തിനു നമ്മളേയും നമ്മുടെ കുടുംബങ്ങളെയും സമുദായത്തേയും നമ്മുടെ സർവ്വമേഖലകളേയും സമർപ്പിക്കാം.

# ചില സാമാന്യ മര്യാദകൾ

റ്റി.സി തോമസ് തോപ്പിൽ (ക്നാനായ കമ്മറ്റി അംഗം)

"മര്യാദ മര്യാദയെ ജനിപ്പിക്കുന്നു" "Courtesy begets courtesy" എന്നൊരു പഴമൊഴിയുണ്ട്. മര്യാദയും ഉന്നതമായ പെരുമാറ്റ രീതികളും ഒരു പരിഷ്കൃത സമൂഹത്തിന്റെ ആവശ്യഘടകങ്ങളാണ്. അവ പ്രതിഫലിപ്പിക്കുന്നത് സംസ്കാരം, വിദ്യാഭ്യാസം, സാമൂഹ്യബന്ധങ്ങൾ എന്നിവയുടെ മുന്നേറ്റമാണ്. ഒരു സമൂഹത്തിന്റെ സംസ്കാരത്തിന് ആനുപാതികമായിരിക്കും ആ സമൂഹത്തിന്റെ പെരുമാറ്റ മര്യാദകളും. ഒരു രാഷ്ട്രത്തിന്റെയോ ഒരു സമൂഹത്തിന്റെയോ പൊതുവായ സന്തോഷത്തിന്റെ അളവുകോൽ (Index of happiness) സ്ഥിതിചെയ്യുന്നത് മാന്യമായ പെരുമാറ്റത്തിലും മനോഭാവത്തിലുമാണ്.

പൊതുസ്ഥലത്ത് പുകവലി നിരോധിച്ചുകൊണ്ട് കേരള ഹൈക്കോടതി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. അങ്ങനെ ഒരു ഉത്തരവില്ലെങ്കിൽ തന്നെയും അന്യർക്കുപദ്രവം ഉണ്ടാകുംവിധം പൊതുസ്ഥലത്ത് പുകവലിക്കുന്നത് സാമാന്യ മര്യാദയുടെ ലംഘനമാണ്. അന്യരോടുള്ള പരിഗണനയാണ് സംസ്കാരം എന്നൊരു നിർവചനം നാം കേട്ടിട്ടുള്ളതാണല്ലോ. അടുത്തിരിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ അവഗണിച്ചുകൊണ്ട് സ്വന്തം സുഖത്തിനുവേണ്ടി അന്തരീക്ഷം മലിനമാക്കുന്നവർ ചെയ്യുന്നത് സംസ്കാര ലോപം തന്നെയാണ്. തീൻമേശയുടെ മുന്നിലിരുന്നു പല്ലുകുത്തുന്നവർ, ഭക്ഷണം കഴിക്കുമ്പോൾ പരസ്യമായി ഏമ്പക്കം വിടുന്നവർ, വാഷ്ബേസിനിൽ ഉച്ചത്തിൽ കാർക്കിച്ചു തുപ്പുന്നവർ, ഭക്ഷണമേശയിൽ നോക്കി തുമ്മുന്നവർ എന്നിവരൊക്കെ സാമാന്യ മര്യാദ ശീലിക്കേണ്ടതാണ്. ഒരു പക്ഷേ ഇതൊക്കെ ചെയ്തു കണ്ടുവളരുന്ന കുട്ടികൾ ഇതിനൊന്നും തെറ്റില്ലെന്നു ധരിച്ചേക്കാം. ഇത്തരം പെരുമാറ്റ രീതികൾ മാന്യമല്ലെന്നു അവരെ ബോദ്ധ്യപ്പെടുത്തേണ്ട ചുമതല രക്ഷിതാക്കൾക്കുണ്ട്.

മലയാളത്തിന്റെ മഹാകവി ഉള്ളൂർ മനോഹരമായി ഇക്കാര്യം പറഞ്ഞതിങ്ങനെ "പരസുഖമേ സുഖമെനിക്കു നിയതം പര ദുഖം" അന്യരെപ്പറ്റി കൂടി തെല്ലു ചിന്തിച്ചാൽ കാര്യങ്ങൾക്കു വലിയമാറ്റം വരും. പക്ഷേ ചിലർക്കു ചിലതു മാറ്റുക അസാദ്ധ്യമാണ്. A leopard can't change its spots. പുള്ളിപ്പുലിക്ക് തന്റെ പുള്ളി മാറ്റുവാൻ കഴിയുമോ. നമുക്കു പുള്ളിപ്പുലികളാകേണ്ട. മാറ്റങ്ങളെ സ്വാഗതം ചെയ്യുന്ന മനുഷ്യരായാൽ ജീവിതത്തിന് സുഗന്ധവും എരിവും പുളിയും പകർന്നു കിട്ടും. ആണയിട്ടു പറയുന്നതും സഭ്യമല്ലാത്ത പദപ്രയോഗങ്ങളും അടിസ്ഥാനമില്ലാത്ത ആരോപണ പ്രത്യാരോപണങ്ങളോടെ ചെളിവാരിയെറിയുന്നതും സാമാന്യമര്യാദക്കു ചേരുന്നതല്ല. പരദൂഷണവും ഏഷണിയും ഒഴിവാക്കുക പലർക്കും ബുദ്ധിമുട്ടായിരിക്കും. കൂടെയില്ലാത്തയാളെ പ്പറ്റി മോശമായി പറയുന്നത് സർവ്വസാധാരണമായ അപമര്യാദയാണ്. ഡോക്ടർ, അഭിഭാഷകർ, ചാർട്ടേർഡ് അക്കൗണ്ടന്റ്, പുരോഹിതർ, പോലീസ്,മനഃശാസ്ത്രജ്ഞർ മുതലായവരുടെ പ്രൊഫഷനൽ കൃത്യങ്ങൾക്കിടയിൽ കക്ഷികളുടെ രഹസ്യങ്ങൾ അറിയുവാൻ കഴിയും. അതു അന്യരിലേക്കു വെളിപ്പെടുത്തുന്നതും ഭീഷണിപ്പെടുത്തി ദുരുപയോഗം ചെയ്യുന്നതും സാമാന്യ നീതിയ്ക്കും മര്യാദയ്ക്കും നിരക്കുന്നതല്ല.

നല്ല പെരുമാറ്റ രീതികളുള്ള വ്യക്തികളെ എല്ലാവരും ഇഷ്ടപ്പെടുകയും എവിടെയും സ്വാഗതം ചെയ്യപ്പെടുകയും ചെയ്യുന്നു. അന്യർ എന്തെങ്കിലും സഹായം ചെയ്താൽ അയാൾ അവരോടു നന്ദി പ്രകാശിപ്പിക്കുകയും ചെയ്യും. മുതിർന്നവരെ മാനിക്കുന്നതും ബസ്സുകളിലും ട്രെയിനുകളിലും അവർക്ക് ഇരിക്കാൻ ഇരിപ്പിടങ്ങൾ നൽകുന്നതും സാമാന്യ മര്യാദയുടെ ഗണത്തിൽപ്പെടും. നല്ലപെരുമാറ്റരീതികളും അറിവുമുള്ള കുടുംബത്തിൽ അത്തരം ശീലങ്ങളും രീതികളും ആചാരമര്യാദകളും കുട്ടികൾ മുതിർന്നവരിൽ നിന്നും കണ്ടു പഠിക്കുന്നു. തന്റെ അച്ഛനമ്മമാരും കുടുംബത്തിലെ മുതിർന്നവരും അന്തസ്സുള്ള രീതിയിൽ പെരുമാറുന്നതു കാണുന്ന ഒരു കുട്ടി അനായാസം അതെല്ലാം പഠിച്ചെടുത്ത് പരിശീലിക്കുന്നു.

ചൊട്ടയിലെ ശീലം ചുടലവരെ എന്നു നാം പഠിച്ചിട്ടുണ്ടല്ലോ. അവനവൻ ആത്മസുഖത്തിനാചരിക്കുവ അപരനു സുഖത്തിനായ് വരേണം എന്ന കവി വാക്യത്തിൽ നമ്മുടെ ഏതു പ്രവർത്തനവും മറ്റുള്ളവർക്കുകൂടി നന്മവരുവാൻ തക്കവണ്ണം ക്രമീകരിക്കേണ്ടതാണ്. ആരോഗ്യകരവും സൗഹൃദപൂർവ്വകവുമായ സംവാദങ്ങൾ നല്ലതാണെങ്കിലും വ്യക്തിഹത്യ നടത്തുന്ന വാഗ്വാദങ്ങൾ അപലനീയമാണ്. Nobody can win an argument. ഏതു വാദത്തിനും പ്രതിവാദം കണ്ടെത്താൻ ആർക്കും കഴിയും. ആരുടെയും ഒരു സഹായവും കൂടാതെ ആർക്കും ഒന്നും നേടാൻ കഴിയില്ല. പ്രായമായ മാതാപിതാക്കളെ പരിചരിക്കുന്ന രക്ഷിതാക്കളെ കണ്ടുവളരുന്ന തലമുറ അതു മാതൃകയാക്കും.

വിമർശനങ്ങളോടുള്ള സമീപനത്തിൽ നിന്നും ഒരാളിന്റെ വ്യക്തിത്വം മാറ്റുരച്ചു നോക്കാവുന്നതാണ്. പൊതുയോഗങ്ങളിലും മറ്റും ഉയരുന്ന ക്രിയാത്മകമായ വിമർശനങ്ങളെ സങ്കുചിത മനസ്സോടെ നേരിടാതെ തുറന്ന മനസ്സോടെ സ്വീകരിക്കാൻ ശീലിക്കുന്നത് സാമാന്യ മര്യാദയുടെ മാറ്റു കൂട്ടുന്നു. അഭിപ്രായം തനിക്ക് ഇഷ്ടമില്ലാത്ത വ്യക്തി പറയുന്നു എന്നുള്ളതുകൊണ്ട് അന്ധമായി എതിർക്കുന്നത് ഉചിതമല്ല. ആരു പറഞ്ഞു എന്നുള്ളതല്ല എന്തുപറഞ്ഞു എന്നുള്ളതിനാണ് നാം പ്രാധാന്യം കൊടുക്കേണ്ടത്. ആചാര്യങ്ങളും മര്യാദകളും അഭ്യസിക്കുന്ന പ്രഥമവിദ്യാലയം കുടുംബം ആകയാൽ നാം മാതൃകയുള്ളവരായി പ്രവർത്തിക്കുക.

കോവിഡ് എന്ന മഹാമാരിക്കു മുൻപിൽ മാനവരാശി പകച്ചു നിൽക്കുമ്പോൾ സാമൂഹ്യ അകലവും, മുഖാവരണവും മറ്റു സുരക്ഷാ സംവിധാനങ്ങളും സ്വീകരിക്കാൻ മനുഷ്യൻ തയ്യാറായതുപോലെ മറ്റു സാമാന്യ മര്യാദകളും പാലിച്ചും പങ്കിട്ടും നമുക്കു സമൂഹത്തെ സംസ്കാര സമ്പന്നമാക്കാൻ സാധിക്കട്ടെ.


# വാൻഗോഗ്
# സൂര്യകാന്തിപ്പൂക്കളെ പ്രണയിച്ച ചിത്രകാരൻ

**എബി**

ലോകത്തെ വിസ്മയിപ്പിച്ച ചിത്രകാരന്മാരിൽ പ്രമുഖൻ, ഡച്ചുചിത്രകലയിലെ അതികായകൻ, അതായിരുന്നു വിൻസെന്റ് വാൻഗോഗ്. അദ്ദേഹത്തിനു മാത്രമെ ഇങ്ങനെ പറയാൻ കഴിഞ്ഞുള്ളൂ.

"ഞാൻ ഉപയോഗിച്ച നിറങ്ങളുടെ വിലയേക്കാൾ എന്റെ ചിത്രങ്ങൾക്ക് ലോകം മൂല്യം കാണുന്ന ഒരു ദിവസമുണ്ടാകും".

ലോകചിത്രകലാരംഗത്ത് കോളിളക്കം സൃഷ്ടിച്ചവയാണ് വാൻഗോഗ് ചിത്രങ്ങൾ. സൂര്യകാന്തിപ്പൂക്കൾ, ഉരുളക്കിഴങ്ങുതിന്നുന്നവർ, നക്ഷത്രങ്ങൾ നിറഞ്ഞ രാത്രി തുടങ്ങിയ വിശ്രുത ചിത്രങ്ങൾക്ക് ഇന്നും ആസ്വാദകരേറെയുണ്ട്.



വാൻഗോഗ് ചിത്രങ്ങളുടെ വൈകാരികതയും വർണ്ണവൈവിധ്യവും 20-ാം നൂറ്റാണ്ടിലെ പാശ്ചാത്യകലയിൽ നിർണ്ണായക സ്വാധീനം ചെലുത്തി. ജീവിതകാലത്ത് വലിയ ഉത്കണ്ഠയും കഠിനമായ മാനസികാസ്വാസ്ഥ്യങ്ങളും വാൻഗോഗിനെ വേട്ടയാടി. പല കലാകാരന്മാരെയും പോലെ തന്നെ ജീവിതകാലത്ത് അദ്ദേഹത്തിന് അർഹിക്കുന്ന അംഗീകാരവും പ്രശസ്തിയും ലഭിച്ചില്ല.

1853 മാർച്ച് 30-ന് തിയഡോറസിന്റെയും അന്നയുടെയും മൂത്ത മകനായി ഹോളണ്ടിലെ 'സുൻഡർത്തി' ലാണ് വാൻഗോഗ് ജനിച്ചത്. അച്ഛൻ ഒരു പ്രൊട്ടസ്റ്റൻഡ് വൈദികനായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം സുൻഡർട്ടിലെ ഗ്രാമീണ വിദ്യാലയത്തിലായിരുന്നു. പിന്നീടു രണ്ടുവർഷം സെവെൻ ബെർജനിലെ ഒരു ബോർഡിംഗ് സ്കൂളിൽ പഠിച്ചു. 18 മാസം ടിൽബർഗിലെ ഹൈസ്കൂളിലും പഠിച്ചിരുന്നു. ചെലവ് താങ്ങാനാവാതെ വന്നപ്പോൾ ഇടക്കുവച്ച് പഠനം നിർത്തി. കൂട്ടുകാരിൽ നിന്നും അകന്നു കഴിയാനാണ് വാൻഗോഗ് ചെറുപ്പത്തിൽ ആഗ്രഹിച്ചത്. പൂക്കളെയും കിളികളെയും ഇഷ്ടപ്പെട്ടു. നല്ല സ്റ്റുഡന്റ് ആയിരുന്നിട്ടും അവന്റെ ഭക്ഷണരീതിയും വസ്ത്രധാരണവും മറ്റുള്ളവരിൽ നിന്നും വ്യത്യസ്ഥനാക്കി. അന്ന് കലയോട് താല്പര്യമൊന്നും കാട്ടിയില്ല. 1861 മുതൽ 1864 വരെ ആംസ്റ്റർഡാമിലെ വൈദിക സെമിനാരിയിൽ താമസിച്ച് പഠിച്ചു. അവിടുത്തെ പഠനരീതിയോടും അന്തരീക്ഷത്തോടും പൊരുത്തപ്പെടാനാകാതെ സെമിനാരി വിട്ടു.

പിന്നീട് 16-ാം വയസ്സിൽ ഹേഗിലെ 'ഗൂപി'ൽ ചിത്രക്കച്ചവടക്കാരുടെ സഹായിയായി ജോലി കിട്ടി. 1873-ൽ കമ്പനി വാൻഗോഗിനെ ലണ്ടനിലേക്ക് സ്ഥലം മാറ്റി. 1874 ൽ ലണ്ടനിൽ താമസിച്ചിരുന്നപ്പോൾ വീട്ടുടമയുടെ മകൾ 'യൂജിൻ ലോയറു'മായി പ്രണയത്തിലായി. അത് പരാജയപ്പെട്ടു. പിന്നീട് രണ്ടു പ്രണയിനികൾ കൂടി വാൻ ഗോഗിന്റെ ജീവിതത്തിലുണ്ടായി. 'കീവോസ് സ്ട്രൈക്കർ, ക്ലാസിന മരിയ ഹൂർണിക്ക്'. ഒന്നും സാഫല്യമടഞ്ഞില്ല. ആത്മീയ തകർച്ചയും പ്രേമ നൈരാശ്യങ്ങളും വാൻഗോഗിനെ കഠിനമായ മാനസികാസ്വാസ്ഥ്യങ്ങളിലേയ്ക്ക് നയിച്ചു.

ഒടുവിൽ ബോറിനാഷിൽ കൽക്കരിഖനി തൊഴിലാളികൾ വസിച്ചിരുന്ന ചേരിപ്രദേശത്ത് സാമൂഹിക സേവകനായി. അവിടുത്തെ കയ്പ്പേറിയ അനുഭവങ്ങൾ മതത്തെ വെറുക്കാനും മനുഷ്യരെ സ്നേഹിക്കാനും പ്രേരിപ്പിച്ചു. സ്വന്തമായ സമസ്തവും ത്യജിച്ച് ദാരിദ്ര്യത്തെ പ്രണയിക്കാൻ തുടങ്ങി. അങ്ങനെ പാവപ്പെട്ടവരുടെ ചിത്രങ്ങൾ വരച്ച് അത്യുൽക്കടമായ തന്റെ ചേതോവികാരങ്ങൾ ശമിപ്പിക്കാനായിരുന്നു പിന്നീടുള്ള ശ്രമം. പതിതരും ദരിദ്രരുമായിരുന്ന ഗ്രാമീണജനതയുടെ ജീവിതം വികാരോഷ്മളമായി ഒപ്പിയെടുത്ത് ചിത്രീകരിച്ചു. അതിൽ ശ്രദ്ധേയമായതാണ് 'ഉരുളക്കിഴങ്ങു തിന്നുന്നവർ' (Potato Eaters) ഒരു ദരിദ്ര കുടുംബം അത്താഴത്തിന് ഉരുളക്കിഴങ്ങ് തിന്നുന്നത് അതിന്റെ തനിമ ഒട്ടും നഷ്ടപ്പെടാതെ വരച്ചു കാട്ടിയിരിക്കുന്നു. സൂര്യകാന്തിപ്പൂക്കൾ, ആർലിസിലെ ശയനമുറി. ജീർണ്ണിച്ച വീട്, സൈപ്രസ്, നക്ഷത്രങ്ങൾ നിറഞ്ഞ രാത്രി, ഷൂസ് എന്നിങ്ങനെ വിഖ്യാതമായ ഒട്ടേറെ ചിത്രങ്ങൾ വാൻഗോഗിന്റെ തൂലികയിൽ ജന്മം കൊണ്ടു. തനിക്കേറ്റവും പ്രിയപ്പെട്ടത് സൂര്യകാന്തിപ്പൂക്കളായിരുന്നു. ഭൗതികതയും, ആത്മീയതയും അത്യാധുനികതയും നിറഞ്ഞു നിൽക്കുന്ന വാൻഗോഗ് ചിത്രങ്ങളിൽ റിയലിസവും സിമ്പോളിസവും ഒളിഞ്ഞുകിടന്നിരുന്നു. വേദനിക്കുന്ന വൃക്ഷങ്ങൾ, ദുഃഖപൂർണ്ണമായ കർഷകർ, കിടക്കമുറി തുടങ്ങിയ പെയിന്റിംഗുകൾ ലോകപ്രശസ്ത ചിത്രകാരന്മാരുടെ രചനകളോട് കിടപിടിക്കുന്നതാണ്. ഇങ്ങനെയൊക്കെയാണെങ്കിലും ജീവിച്ചിരുന്ന

*ശേഷം 40 - ാം പേജിൽ*



# മലർവാടിക്കൂട്ടം

നദിക്കരയിൽ ഒരു ഓക്കു വൃക്ഷമുണ്ടായിരുന്നു. കാറ്റും മഴയും മഞ്ഞും പലതവണ ആ വഴി കടന്നുപോയി. എന്നിട്ടും അനേകം നൂറ്റാണ്ടുകളായി അത് അവിടെ നിൽക്കുന്നു.

എന്നാൽ ഇത്തവണത്തെ പെരുമഴയോടൊപ്പം അതിഭയങ്കമായ ഒരു കൊടുങ്കാറ്റുണ്ടായി. പല കൂറ്റൻ മരങ്ങളും കടപുഴകി വീണു. കൂട്ടത്തിൽ ശക്തനായ ഓക്കുവൃക്ഷവും നിലംപതിച്ചു. കാറ്റ് കടന്നുപോയി. മലവെള്ളം ഇറങ്ങിപ്പോയി. ശാന്തമായ ആ പ്രകൃതിയിൽ നദിക്കരയിൽ തന്നെയുള്ള ഇളം ചൂരൽകൂട്ടങ്ങൾ ഇളകിച്ചിരിക്കുന്നതുകണ്ട് ഓക്ക് വൃക്ഷം അത്ഭുതപ്പെട്ടു.

നൂറ്റാണ്ടുകളായി ഞാൻ ഇവിടെ കഴിയുന്നു. ഇതുവരെ ഇത്ര വലിയ കാറ്റുണ്ടായതായി എനിക്ക് ഓർമ്മയില്ല. ശക്തനെന്നു കരുതിയ ഞാൻപോലും വീണുപോയി. പക്ഷേ നിങ്ങൾ ഇപ്പോഴും ഭൂമിയിൽ ഉറച്ച് നിൽക്കുന്നുണ്ടല്ലോ. എന്താണ് ഇതിന്റെ കാരണം.

ഓരോ വലിയ കാറ്റ് വരുമ്പോഴും താങ്കൾ ആഴത്തിൽ വേരോടിച്ച് കാറ്റിനെതിരെ തലയുയർത്തി നിൽക്കുന്നു. ചൂരൽകൂട്ടം പറഞ്ഞു ഞങ്ങളാകട്ടെ കാറ്റിന്റെ ശക്തി കൂടുന്തോറും ശരീരം വളച്ചും, തല കുനിച്ചും വിനയത്തോടെ നിൽക്കുന്നു. കാറ്റ് ഞങ്ങളെ തഴുകി കടന്നുപോകുകയും ചെയ്യുന്നു.

(വലിയ ആപത്തുകളെ വിനയം കൊണ്ട് മറികടക്കാം)

സസ്നേഹം,

**കൊച്ചേട്ടൻ**



## ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

1. ദനഹാപ്പെരുന്നാളിന്റെ പ്രത്യേക ശുശ്രൂഷ എന്ത്?
2. രഹസ്യപ്രാർത്ഥനയുടെ മറ്റൊരു പേരെന്ത്?
3. പ്രദക്ഷിണങ്ങൾ ഉള്ള ശുശ്രൂഷകൾ എത്ര?
4. ഉയർപ്പുപ്പെരുന്നാൾ ശുശ്രൂഷകൾ എത്ര?
5. നോമ്പിൽ വരുന്നതായ മാറാനായ പെരുന്നാളുകൾ ഏതെല്ലാം?
6. യേശുവിന്റെ ശിഷ്യനായ യാക്കോബിന്റെ പിതാവിന്റെ പേരെന്തായിരുന്നു?
7. ദൈവരാജ്യത്തെ എന്തിനു സദൃശ്യമായിട്ടാണ് യേശു ഉപമിച്ചത്?
8. എന്റെ വസ്ത്രം തൊട്ടതാര് എന്ന് യേശു ചോദിച്ചതാരോട്?
9. 'തലീഥാ കൂമി' എന്ന് വാക്ക് യേശു പറഞ്ഞതാരോട്?
10. തിളയ്ക്കുന്ന കലം ദർശനം കൊണ്ടതാര്?

**സെപ്റ്റംബർ മാസത്തിലെ ഉത്തരങ്ങൾ**

1. മൂന്ന് എണ്ണം. (സ്ലീബാ വന്ദനവ്, പ്രദിക്ഷണങ്ങൾ, കബറടക്കം)
2. 10 കന്യകമാരുടെ ഉപമയെ അനുസ്മരിക്കുന്നതിന്
3. ഇടത്തേതോളിൽ
4. യിരെമ്യാവിനോട് (1:17)
5. യിരെമ്യാവിനെ (1:10)
6. മരണം (യിരെ. 9:21)
7. അന്ധകാര പർവ്വതം (യിരെ. 13:16)
8. വിക്കനായ ചെകിടനെ (മർക്കോ. 7:33)
9. യായിറോസിനോട് (മർക്കോ. 5:36)
10. ചുഴലിക്കാറ്റ് (മർക്കോ. 4:37)

## 1st Death Anniversary

18 – 10 – 2020



**P.M.KURUVILLA (Pappachen)**

Kalisseril, Chingavanam

## 20th Death Anniversary


25 – 09 – 2020



**ACHAMMA MATHEW**

Kalisseril, Chingavanam

## 77th Death Anniversary



**K.M.MATHEW (Kutty)**

Kalisseril, Chingavanam

Advt -O



## 1st Birthday in Heaven

30 – 10 – 2020

**ANNAMMA SIMON**


Thekkaparambu (H)
S.Puram P.O.
Kurichy

മക്കൾ - Avarachan, Baby, Kochumon Kunjamma, Moly, Sherly, Shylamma

മരുമക്കൾ - Shoshama, Lilama, Jessy, Punnose, Monachan, Kunjumon, Saji

Sorrowing Grand Children

Advt -O



## 1 – ാം ചരമവാർഷികം
07 – 10 – 2020

# ABRAHAM P. RAJU
# (Raju Puthuveettil)
### PUTHUVETTIL SILK HOUSE, RANNI

മക്കളെ... ജീവിച്ചിരുന്നപ്പോൾ നിങ്ങളെന്നെ സ്നേഹിച്ചു.
മരിച്ചപ്പോൾ നിങ്ങളെന്നെ കണ്ണീരോടെ യാത്രയാക്കി....
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നും എന്നെ ഓർമ്മിക്കണമെ....

with lots of love

Grand Children
Rohan + Ashima, Thanisha, Mathew
Alexia, Alex
Hizza, Zack.

Sicy Raju
Joe + Somol
Baiju + Leemol
Sheby + Raji

Advt - R

## 5th Death Anniversary
**28-10-2020**



# Dr. Kurian Jacob (ജെയിംസ്)
**26-8-1937 to 28-10-2015**

അമ്പൂരാൻ
കോട്ടയം

Advt - O

## 1 – ാം ചരമവാർഷികം
8 – 10 – 2020



# സ്കറിയ സഖറിയ (മോനിച്ചൻ)
### കളക്കാട്ടായ കൊച്ചിടശ്ശേരിൽ, കുറിച്ചി

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1 – ാം ചരമവാർഷികം

07 – 11 – 2020



Advt - S

## Joy M.C.

**Madackal (Palakudy), Pallam**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

21 – 10 – 2020



Advt - O

## ബിനുമോൻ കെ. (ജോജി)

കണ്ണോത്ത്, കുന്നങ്കരി

(പ്രധാന ശുശ്രൂഷകൻ, വെളിയനാട് സെന്റ് മേരീസ് ബേത്‌ലഹേം പള്ളി)

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "



## 40 – ാം ചരമദിനം

05 – 10 – 2020

## തങ്കമ്മ ജോൺ

മണിമലേത്ത്, റാന്നി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

Advt - O

*സന്തപ്ത കുടുംബാംഗങ്ങൾ*

# 50th Death Anniversary of our Father



# T.K.KURIAKOSE

**Punnattusseril, Thiruvanvandoor, on October 6th, 2020**

Achayan,

we have missed you all these years but you left us with a long lasting legacy of love and a strong set of spiritual values that are still living through us to this day. It is this legacy that we deeply cherish and handover to our children and grand children.

with love and gratitude forever

**Mrs. Kunjamma Kuriakose** (wife)

**Children and spouses**

Mariamma & Prince Malathusseril
Valsamma & Late K.M. George Kattayil
Thankamma & Rev. Fr. C.A.Thomas Chirathalakkal
Molly & Jose Stephen Vadavuparambil
Late Mr. Joy & Siby Punnattusseril
Jolly & Rev. Fr. Joseph Jacob Parathodathil
Rajan & Nittu Punnattusseril

Grand Children
&
Great grand Children

Advt - O

## 40th Day of Demise

17–10–2020



Advt - S

## K.I. Aleykutty (79)

W/o Late P.T. Thomas
Parathodathil (Aythala, Ranni)
K.R.Puram, Bangalore.

By Sorrowing Family

## First Birthday in Heaven

3–10–2020



Advt - O

## Thomas Kuriakose (കൊച്ച്)

പള്ളിയമ്പിൽ, പായിപ്പാട്

*പ്രാർത്ഥനയോടെ കൊച്ചുമക്കൾ*
Shilpa Reji and Jerin Reji

## 1 –ാം ചരമവാർഷികം

**02 Oct 2020**



Advt - O

## P.A.Punnoose (Joy)

Pallathra, Kottayam

By Sorrowing Family

## 40 –ാം ചരമദിനം

20–10–2020




Advt - O

## ബിജി സണ്ണി

പാലപ്പള്ളിൽ (വാലുപറമ്പിൽ) കുറ്റൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*



# 1st Birthday in Heaven

(03 October 2020)

## കുന്നുപറമ്പിൽ
## പി. പുന്നൂസ്

(സണ്ണിച്ചായൻ)

കുന്നുപറമ്പിൽ, കുറിച്ചി

(Founder of Jaffe International and
Andreas-Punnoose Publishing Company Pvt. Ltd.)

"ഞാൻ നിങ്ങളിൽ നിന്നും
അകന്നുപോയെങ്കിലും എന്റെ സ്നേഹം
എന്നും നിങ്ങളോടുകൂടി ഉണ്ടായിരിക്കും
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ
നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ."

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 27th Death Anniversary

03-11-2020



## Rev. Fr. P.K. Kuriakose

**Mundaplackal, Edakkulam, Ranni**

"ആചാര്യേശാ മശീഹാ കൂദാശകളർപ്പിച്ചോ-
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

## 14th Death Anniversary

06-11-2020



## P.K.Abraham (Avarachan)

**Mundaplackal, Vadasserikara**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 3 – ാം ചരമ വാർഷികം

12 – 10 – 2020



## ലീലാമ്മ കുര്യൻ

കന്നാക്കുഴിയിൽ, ഇരവിപേരൂർ

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 14 – ാം ചരമവാർഷികം

25 – 10 – 2020

## 3 – ാം ചരമവാർഷികം

22 – 08 – 2020





Advt - S

## ചെറിയാൻ ഉതുപ്പാൻ തങ്കമ്മ ഉതുപ്പാൻ

ഊരാക്കമണ്ണിൽ, ഇരവിപേരൂർ

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

സന്തപ്ത കുടുംബാംഗങ്ങൾ

## 4 – ാം ചരമവാർഷികം

26 – 10 – 2020



Advt - S

## K.M. Thomas (Aniyan)

**Kalatharayil, Thiruvanvandoor**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 16th Death Anniversary

19 – 01 – 2020

## 3rd Death Anniversary

10 – 10 – 2020



**N.P. Cheriyan**
**(Kariachen)**

**Sosamma Cheriyan**
**(Kunjamma, Eranackal)**

**Nadayil, Neelamperoor**

“നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ”

By Raju & Tomy (USA)
Lillykutty, Lizzy, Emily & Inlaws, Grand Children

Advt -R



## 28 – ാം ചരമ വാർഷികം

26 – 10 – 2020

# ശോശാമ്മ ഏബ്രഹാം


പള്ളിയമ്പിൽ

പടിഞ്ഞാറ്റോതറ

തിരുവല്ല

പോബ്സ് ഗ്രൂപ്പ്

Advt -S



## 7 – ാം ചരമവാർഷികം

27 – 10 – 2020

# വി. എം. ജോസഫ്

വളയനാട്ട്, റാന്നി


"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

Advt -R

സന്തപ്ത കുടുംബാംഗങ്ങൾ

# കൂദോശ് ഈത്തോയുടെ പ്രസക്തി

ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകം പള്ളിൽ



കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ നവംബർ ഒന്നിന്, 10 വയസ്സിൽ താഴെയുള്ളവരും 65 വയസ്സിന് മുകളിൽ പ്രായമുള്ളവരും, രോഗം പടരാതിരിക്കുവാനുള്ള മുൻ കരുതൽ എന്ന നിലയിൽ ഭവനത്തിൽ തന്നെ ആയിരിക്കുന്ന സ്ഥിതി വിശേഷത്തിൽ കൂദോശ് ഈത്തോ നാം ആചരിക്കുന്നു.

പരി.സഭയുടെ ആരാധനാ വർഷത്തിന്റെ തുടക്കമാണ് കൂദോശ് ഈത്തോ. കൂദോശ് ഈത്തോ എന്ന വാക്കിന്റെ അർത്ഥം സഭയുടെ വിശുദ്ധീകരണം എന്നാണല്ലോ. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ കൂദോശ് ഈത്തോയുടെ പ്രസക്തി എന്തെന്ന് ഇവിടെ വിചിന്തനം നടത്തുകയാണ്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ 'വിശ്വാസ ആചാരങ്ങൾ ചോദ്യം ചെയ്യപ്പെടുന്നു' എന്നത് യാഥാർത്ഥ്യമാണ്. വി. കുർബ്ബാന അനുഭവിച്ച് ശക്തിയും, ഓജസ്സും, രോഗസൗഖ്യവും ലഭിച്ച നാം ഇന്ന് അത് അനുഭവിക്കുവാൻ ഭയപ്പെടുന്നു. കൊറോണ വൈറസ് അതിലൂടെ പകരുമോ എന്ന ശങ്ക നമ്മിൽ നിഴലിക്കുന്നു. ഭൗതിക ശരീരങ്ങൾ മണ്ണിലേക്ക് അഴുകിച്ചേരാൻ അനുവദിച്ച് സംസ്കരിച്ചിരുന്ന അവസ്ഥയിൽ നിന്നും ആരോഗ്യ നിർദ്ദേശ പ്രകാരം ദഹിപ്പിക്കുന്ന അവസ്ഥയിൽ എത്തി നിൽക്കുന്നു. അങ്ങനെ പലവിധത്തിൽ വിശ്വാസം ചോദ്യം ചെയ്യപ്പെടുമ്പോൾ കൂദോശ് ഈത്തോ നല്കുന്ന ആഹ്വാനമെന്നത് ഇത്തരം സാഹചര്യത്തിലും വിശ്വാസത്തിൽ ആഴപ്പെടാൻ നമുക്ക് സാധിക്കണം എന്നതാണ്. നമ്മുടെ വിശ്വാസം കുറയുവാൻ അല്ല ഇടയാകേണ്ടത്, ഇതിനൊക്കെയും അറുതി വരുത്തുവാൻ ദൈവത്തിന് മാത്രമെ സാധ്യമാകുകയുള്ളു എന്ന ചിന്ത വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് ഊഴിയിടുവാൻ ഇടയാകണം.

കൂദോശ് ഈത്തോയിൽ കുട്ടികളും സൺഡേസ്കൂൾ അദ്ധ്യാപകരും മാതാപിതാക്കളും വി. കുർബ്ബാന അനുഭവിക്കാറുണ്ട്. ഇതിലൂടെ വിശ്വാസികൾ ഒന്നടങ്കം വിശുദ്ധിയുടെ അനുഭവത്തിലേക്ക് എത്തിച്ചേരുകയാണ്. എന്നാൽ സർക്കാർ നിബന്ധന കർശനമായി പാലിക്കേണ്ടതു മൂലം പലർക്കും ദൈവാലയത്തിൽ ഈ ദിവസത്തിൽ എത്താൻ സാധിക്കാതെ വരുന്നു. ഈ വർഷം നമുക്ക് ചെയ്യാവുന്നത് ദൈവാലയത്തിൽ എത്തി വി. കുർബ്ബാന അനുഭവിക്കുവാൻ സാധിക്കുന്നവർ അത് ശ്രമിക്കുക. ഏതായാലും നാം ദൈവവുമായി കൂടുതൽ ബന്ധം സ്ഥാപിക്കുവാൻ നമുക്ക് സാധിക്കണം. നമ്മുടെ ഭവനങ്ങൾ ദൈവാലയങ്ങളായി മാറണം. കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുവാനും, ദൈവസന്നിധിയിൽ ആയിരിക്കുവാനും ശ്രദ്ധിക്കുക. ഈ സാഹചര്യങ്ങളിൽ ഒരു കാരണവശാലും ദൈവത്തിൽനിന്ന് അകലുവാൻ ഇടയാകരുത്. ദൈവവുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുവാൻ ഇടയാകണം.

നമുക്ക് ചുറ്റും ഇന്ന് നടന്നുകൊണ്ടിരിക്കുന്നത് ഏതു വിധത്തിലും ധനം സമ്പാദിക്കുക എന്ന ഒരു പ്രവണതയാണ്. അത് സ്വർണ്ണക്കടത്തായാലും, അഴിമതിയായാലും, എങ്ങനെയും ധനം സ്വന്തമാക്കുക. സത്യത്തിനോ, മൂല്യങ്ങൾക്കോ യാതൊരു പ്രസക്തിയുമില്ലേ എന്ന് നാം ചോദിക്കുന്ന തരത്തിലുള്ള പ്രവർത്തനമാണ് എവിടെയും ശ്രവിക്കുന്നത്. വ്യാജമായ വാർത്തകൾ സൃഷ്ടിക്കുന്നതിനും അതിലൂടെ സത്യത്തെ മൂടി വയ്ക്കുന്നതുമായ പ്രവണത. തെറ്റുകൾ ആവർത്തിക്കുന്നതുമൂലം അവ പ്രവർത്തിക്കുമ്പോൾ കുറ്റബോധമില്ലാത്തവരായിത്തീരുന്നു. എന്നാൽ ഇങ്ങനെയുള്ള ലോകത്തിൽ നാം വസിക്കുമ്പോൾ, നാം സത്യത്തിനും, മൂല്യങ്ങൾക്കും, ധർമ്മത്തിനുംവേണ്ടി നിലകൊള്ളുന്നവരായിത്തീരണമെന്ന ഒരു ആഹ്വാനവും ഇവിടെ ശ്രവിക്കേണ്ടതുണ്ട്. എന്തു വില കൊടുത്തും അനീതിക്ക് കൂട്ടു നിൽക്കാത്തവരായി നാം ആയിത്തീരേണ്ടതുണ്ട്. അങ്ങനെ ഒരു നവജീവിത ശൈലിയെ പ്രാപിക്കുവാനും ഈ കൂദോശ് ഈത്തോ ആചരണം ഇടയാകണം.

ഈ വർഷത്തെ കൂദോശ് ഈത്തോ വിശ്വാസത്തിൽ ആഴപ്പെടുവാനും, ദൈവത്തിലേക്ക് തിരിയുവാനും, മൂല്യം കാത്തു സൂക്ഷിക്കുന്നവനുമായിത്തീരാൻ ഇടയാകണം. ലഭ്യമായ സാഹചര്യങ്ങളിൽ ദൈവകാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കുവാനും നമുക്ക് സാധിക്കണം. ഈ സാംക്രമികരോഗം വളരെ വേഗത്തിൽ മാറാനും നമുക്ക് പ്രാർത്ഥിക്കാം.

# നിർഭയരായി ഇവിടെ ആര്

റ്റി. കെ. തോമസ് തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

ഇന്ന് പ്രപഞ്ചത്തിൽ ഭീതികൂടാതെ ജീവിക്കുന്നത് ആർ എന്ന ചോദ്യത്തിന് ഉത്തരം തേടിയപ്പോൾ, ഭീതിയില്ലാതെ ജീവിക്കാൻ പ്രപഞ്ചസൃഷ്ടാവിനുപോലും അസാദ്ധ്യം എന്ന ഉത്തരത്തിലേയ്ക്ക് എത്തിച്ചേരേണ്ടിവന്നു. അന്വേഷണം മനുഷ്യരിൽ നിന്നു തന്നെ തുടങ്ങി. എന്നാൽ കണ്ടെത്തലുകൾ നമ്മെ വല്ലാതെ ഭീതിപ്പെടുത്തുകയോ, ലജ്ജിപ്പിക്കുകയോ ചെയ്യുന്നു. മനുഷ്യരിൽ ഉടലെടുക്കുന്ന വർഗ്ഗീയ ചിന്ത, വർണ്ണ വ്യത്യാസം ഇവ ആഴത്തിൽ ഹൃദയത്തിലേയ്ക്ക് വേരൂന്നി ഇറങ്ങിയപ്പോൾ, വർഗ്ഗീയ കലാപത്തിൽ പലർക്കും ജീവൻ നഷ്ടമായേക്കാം എന്നു മനുഷ്യൻ ഭയക്കുന്നു. ക്യാൻസർ, എയ്ഡ്സ്, കോവിഡ്-19 തുടങ്ങി മനുഷ്യന്റെ ജീവനെ നിഷ്കരുണം അപഹരിക്കുന്ന മാരകരോഗങ്ങൾ മനുഷ്യജീവിതത്തിന് ഭീഷണിയായി നിലനിൽക്കുന്നു. അന്ധതബാധിച്ച രാഷ്ട്രീയക്കാരുടെ അതിപ്രസരം, നാടിനെ നടുക്കുന്ന ഗുണ്ടാ സംഘങ്ങളുടെ വിളയാട്ടം ഇവയെല്ലാം മനുഷ്യന്റെ സ്വൈര്യജീവിതത്തെ അങ്ങ് വല്ലാണ്ട് അസ്വസ്ഥമാക്കുമ്പോൾ എവിടെ നിർഭയരായിരിക്കാൻ കഴിയുക. ക്വൊട്ടേഷൻ സംഘങ്ങൾ ആളുമാറിപ്പോലും നരഹത്യനടത്തുന്ന ഈ കാലഘട്ടത്തിൽ ആർക്കും സ്വസ്ഥമായോ, സ്വൈര്യമായോ കഴിയുക അസാദ്ധ്യം.

മൃഗങ്ങളെ സമീപിച്ച് ഒരന്വേഷണം നടത്താൻ തീരുമാനിച്ച്, അവരുമായി സംവദിച്ചപ്പോൾ, മനുഷ്യരേക്കാൾ വേദനിപ്പിക്കുന്നതാണ് അവരുടെ വിലാപം. മനുഷ്യൻ മൃഗങ്ങളെ വളർത്തുന്നത് അറുത്തു ഭക്ഷിപ്പാൻ, അറുപ്പാൻ കൊണ്ടുപോകുമ്പോൾ പോലും വയർ നിറച്ച് ആഹാരം ഇല്ല. ഇറച്ചിയ്ക്ക് തൂക്കം ഉണ്ടാകാൻ വെള്ളം കുടിപ്പിച്ച് ശ്വാസം മുട്ടിക്കുന്നു. കൊല്ലുന്നതുപോലും മനഃസാക്ഷിയോ ഭയമോ, ലവലേശമില്ലാതെ പിടലിയൊടിച്ചും, ശ്വാസംമുട്ടിച്ചും മറ്റുമുള്ള പ്രാകൃത രീതികൾ അവലംബിക്കുമ്പോൾ അവർക്ക് എവിടെ നിർഭയത്വം.

പക്ഷികളിലേക്കു തിരിഞ്ഞപ്പോൾ അവർക്കുമുണ്ട് പറയാൻ. ചേക്കേറാൻ ഇന്നു ചില്ലകൾ എവിടെ? രോഗം പരത്തുന്നവർ എന്നു മുദ്രകുത്തി മനുഷ്യൻ ആട്ടിപ്പായിക്കുന്നു. കൈയ്യിൽ കിട്ടിയാൽ പിടിച്ചു കൂട്ടിലാക്കുകയും, പണം വാങ്ങി പലർക്ക് കൂടുകളിൽ നിന്നു കൂടുകളിലേയ്ക്ക് കൈമാറുകയും ചെയ്യുമ്പോൾ ഭീതിയില്ലാതിരിക്കുമോ?

മത്സ്യത്തിനുമുണ്ട് ചിലതു പറയാൻ. അതും ഭീതിയുടെ കഥകൾ തന്നെ. എന്തെല്ലാം ശ്രദ്ധിച്ചാൽ ഓരോ ദിവസവും തള്ളി നീക്കാം. കൂട്, വല, ചൂണ്ട, തോട്ട, നഞ്ച്, കരന്റ് ഇങ്ങനെ എന്തിനെ എല്ലാം അതിജീവിച്ചാൽ മാത്രമാണ് രക്ഷപ്പെടുക. പതിയിരിക്കുന്ന വേറെ എത്രയോ മറ്റ് അപകടങ്ങൾ.

അല്പമെങ്കിലും സുരക്ഷിതർ എന്നു കരുതിയിരുന്ന വന്യമൃഗങ്ങൾ, അവർക്കുമുണ്ട് ചിലതു പറയാൻ, പകൽ നേരങ്ങളിൽ മനുഷ്യർ നടത്തുന്ന മൃഗവേട്ടയിൽ നിന്നും ജീവൻ രക്ഷിക്കാൻ നന്നേ പാടുപെടണം. കാട്ടിലുള്ള മൃഗ



ങ്ങളിൽ നിന്നും സ്വന്തജീവൻ രക്ഷിക്കാനുള്ള പ്രതിരോധവും, ഇരതേടലും ഒന്നിച്ചാകുമ്പോൾ അവരുടെ ജീവിതവും ഏറെ വെല്ലുവിളി നിറഞ്ഞതാണ്. വഴിതെറ്റി എങ്ങാനും നാട്ടിൽ ചെന്നുപെട്ടാൽ, പൈനാപ്പിളിലും, തേങ്ങയിലും തോട്ട വച്ച് ഞങ്ങളെ പിടിക്കാൻ മനുഷ്യൻ കാത്തിരിക്കുമ്പോൾ ഞങ്ങൾ എവിടെ നിർഭയർ?

കാട്ടിലെ വൃക്ഷങ്ങൾക്കുമുണ്ട് ഏറെ പറയാൻ. അതും ഭീതി നിറഞ്ഞ കഥകൾ കോടാലിയുമായി വരുന്ന മനുഷ്യരെ കാണുമ്പോൾ തന്നെ ജീവൻപോകും. അവർ ഓരോ മരവും കടന്നുപോകുമ്പോൾ തെല്ലൊരാശ്വാസം, തൽക്കാലത്തേക്കെങ്കിലും രക്ഷപ്പെട്ടല്ലോ. ഒരിക്കൽ ഏതു മരവും കോടാലിക്കോ അല്ലെങ്കിൽ ഇപ്പോൾ പുതുതായി രംഗപ്രവേശനം ചെയ്തിരിക്കുന്ന മെഷിൻ വാളിനോ ഇരയാകും എന്ന കാര്യം ഉറപ്പ്. സ്വൈര്യമായി ഒന്നു വളരാൻ ഭയമാണെന്ന് മരവും സമ്മതിക്കുന്നു. പ്രകൃതിയിലേയ്ക്ക് തിരിഞ്ഞപ്പോൾ ഇരുൾ തന്നെ വിഴുങ്ങും എന്നോർത്ത് സൂര്യൻ ഭയത്തോടെ അനുദിനം തേങ്ങുന്നു. ദിവസം തോറും ശുഷ്കിച്ചു വരുന്നതോർത്ത് ചന്ദ്രൻ വിലപിക്കുന്നു. കാർമേഘം തന്റെ ശോഭ മറച്ചുകളയുന്നതിനെ നക്ഷത്രം ഭയക്കുന്നു. കാറ്റിനും മഴയ്ക്കും ഉണ്ട് ഭീതിയുടെ കഥകൾ പങ്കുവയ്ക്കാൻ.

അവസാനം ഈശ്വരനെ സമീപിച്ചപ്പോൾ ദൈവവും ഭയക്കുന്നു, തന്റെ സൃഷ്ടിയെ. പെരുന്നാളുകളിൽ മദ്യപിച്ചു കൊണ്ട് വിശുദ്ധന്മാരുടെ രൂപവും വഹിച്ചുകൊണ്ട് നീങ്ങുന്നവന്റെ കൈകളിൽ നിന്നും താൻ താഴെ വീഴുമോ എന്ന ഭീതിയിൽ ശ്വാസം അടക്കിപ്പിടിച്ച് പാവം വിശുദ്ധൻ മണിക്കൂറുകൾ കഴിച്ചുകൂട്ടേണ്ടിവരുന്നു. പള്ളിത്തർക്കങ്ങൾക്കിടയിൽ പോലീസും പട്ടാളവും ദൈവാലയത്തിലേയ്ക്ക് തോക്കും, ലാത്തിയുമായി ഓടിക്കയറുമ്പോൾ, കുരിശിൽകിടക്കുന്ന കർത്താവിന് എങ്ങനെയെങ്കിലും ഇറങ്ങി ഓടിയാൽ കൊള്ളാമെന്നുണ്ട്, എന്നാൽ മൂന്നാണികളിൽ തൂങ്ങിയ കർത്താവ്, കുരിശിൽ നിന്നും ഓടാതിരിക്കാൻ പശയും കൂടി ചേർത്ത് കർത്താവിനെ കുരിശിൽ ഒട്ടിച്ചുവച്ചതുകാരണം രക്ഷപെടാൻ കഴിയാതെ അദ്ദേഹവും ഭയത്തിൽ തന്നെ. ഏറെ അന്വേഷണത്തിനൊടുവിൽ ഒരു സത്യം തിരിച്ചറിഞ്ഞു. നിർഭയരായി ആരും തന്നെ ഇന്ന് ഇല്ല. കാരണം ലോകം അത്രയ്ക്ക് മാറിക്കഴിഞ്ഞു.

മല്പാനോടു ചോദിക്കാം

# സുറിയാനി സഭയിലെ ആരാധനയുടെ പ്രത്യേകതയെന്ത്?

വല നൂതന സഭകളിലും ബൈബിൾ കേന്ദ്രീകൃതമായ ആരാധന നടക്കുമ്പോൾ പരി. സുറിയാനി സഭയുടെ ആരാധന മനുഷ്യാവതാരം ചെയ്ത വചനമാകുന്ന യേശുക്രിസ്തു എന്ന വ്യക്തിയെ കേന്ദ്രീകരിച്ചുള്ളതാണ്. യേശുവിന്റെ ജനനം, പരസ്യ ശുശ്രൂഷ, പീഢാനുഭവം, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, പുനരാഗമനം എന്നീ കാര്യങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ആരാധന ക്രമീകരിച്ചിട്ടുള്ളത്. സഭയുടെ മുഖ്യമായ "ആരാധന" എന്നു പറയുന്നത് വിശുദ്ധ കുർബ്ബാനയാണ്. യേശുവിന്റെ മേൽപ്പറഞ്ഞ എല്ലാ ജീവിതഘട്ടങ്ങളും വി. കുർബ്ബാനയിൽ ഉൾക്കൊള്ളുന്നുണ്ട്. ബൈബിൾവായനയും, വചനപ്രഘോഷണവും, പ്രാർത്ഥനയും, ധ്യാനവും, ഗാനാലാപവും എല്ലാം വി. കുർബ്ബാന എന്ന ആരാധനയ്ക്കുവേണ്ടി വിശ്വാസികളുടെ ഹൃദയങ്ങളെ ഒരുക്കുന്ന ഘടകങ്ങളാണ്.

എന്നന്നേക്കുമായി കർത്താവു നടത്തിയ ബലിയോട് വിശ്വാസികൾ നിരന്തരം താദാത്മ്യം പ്രാപിക്കുകയും കർത്താവിന്റെ സാമിപ്യം അതിന്റെ പൂർണ്ണതയിൽ അനുഭവിക്കുകയും ചെയ്യുന്ന ശുശ്രൂഷയാണ് വി. കുർബ്ബാന എന്ന ആരാധന. ഇതു കർത്താവുതന്നെ സ്ഥാപിച്ചതും തന്റെ രണ്ടാമത്തെ വരവുവരെ തുടരാൻ കല്പിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് പരി. സഭ വി. കുർബ്ബാനയെ ഏറ്റം വലിയ ആരാധനയായി കണക്കാക്കുകയും അത് നിരന്തരം അർപ്പിക്കുകയും ചെയ്യുന്നു.

